بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 31

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ആഗസ്റ്റ് 1/ഹി:ശം:1398 ളുഹൂർ 1 /ഹി:ഖ: 1440 ദുൽഖഅ്ദ് 28

## അല്ലാഹുവിന്റെ വചനം

وَلَا تَکُوۡنُوۡا کَالَّذِیۡنَ تَفَرَّقُوۡا وَاخۡتَلَفُوۡا مِنۡۢ بَعۡدِ مَا جَآءَہُمُ الۡبَیِّنٰتُ ؕ وَاُولٰٓئِکَ لَہُمۡ عَذَابٌ عَظِیۡمٌ ۝

തങ്ങൾക്കു വ്യക്തമായ തെളിവു വന്ന കിട്ടിയ ശേഷം ഭിന്നിച്ചു ചേരി പിരഞ്ഞ വരെപ്പോലെ നിങ്ങളാവരുത്; അവർക്കാണ് വലിയ ശിക്ഷ (വിധിക്കപ്പെട്ടിട്ടുള്ളത്).'

(3:106)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നിങ്ങൾ നിങ്ങളുടെ മക്കളെ ക്രിസ്ത്യാനികളിൽനിന്നും ആര്യസമാജക്കാരിൽനിന്നും മറ്റുള്ളവരുടെ സഹവാസത്തിൽനിന്നും രക്ഷിക്കുന്നില്ലെങ്കിൽ, കുറഞ്ഞപക്ഷം രക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നില്ലെങ്കിൽ ഓർക്കുക! നിങ്ങളുടെമേൽ മാത്രമല്ല ജനതയുടെമേലും ഇസ്‌ലാമിനുമേലും അക്രമം ചെയ്യുകയാണ്. വലിയ ഭാരിച്ച അക്രമമാണ് ചെയ്യുന്നത്. ഇതിന്റെ അർഥം ഇസ്‌ലാമിനെ കുറിച്ച് നിങ്ങൾക്കൊരു ആത്മീയരോഷവുമില്ലെന്നാണ്. നബി(സ)തിരുമേനിയോടുള്ള ആദരവ് നിങ്ങളുടെ മനസ്സിൽ ഇല്ലെന്നാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ആധുനിക അറിവുകളെ ഇസ്‌ലാമിനു വിധേയമാക്കേണ്ടതാണ്

ഇപ്പോൾ ദീനിന്റെ സേവനത്തിനും ദൈവഗ്രന്ഥത്തിന്റെ ഉന്നതിക്കും വേണ്ടി ആധുനികഅറിവ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. വളരെ അത്യധ്വാനത്തോടെ കരസ്ഥമാക്കുക. പക്ഷേ, എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉണർത്തുക എന്ന നിലയിൽ അത് വിവരിച്ചുതരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അറിവ് സമ്പാദിക്കാൻവേണ്ടിമാത്രം ഒരു ഭാഗത്ത് വീണുകിടക്കുന്നവരും, സ്വയം ദൈവപ്രകാശം ഉൾക്കൊള്ളാത്തവരും ഏതെങ്കിലും സഹതാപിയുടേയും ജ്ഞാനിയുടേയും അടുക്കൽ ഇരിക്കാൻപോലും അവസരം കിട്ടാതെ അത്രമാത്രം ഭൗതികവിദ്യാഭ്യാസത്തിൽ ലയിച്ചിരിക്കുന്നവരും മുഴുകി ഇരിക്കുന്നവരും പൊതുവെ വഞ്ചിതരായിരിക്കുകയാണ്. അവർ ഇസ്‌ലാമിൽനിന്ന് അകന്നു കിടക്കുന്നു. ആ അറിവുകൾ ഇസ്‌ലാമിനു വിധേയമാക്കുന്നതിനു പകരം തിരിച്ച് ഇസ്‌ലാമിനെ അറിവുകൾക്ക് വിധേയമാക്കാൻ പാഴ്‌വേലകൾ നടത്തി തങ്ങളുടെ ഊറ്റത്തിൽ ദീനിപരവും ദേശീയപരവുമായ സേവനങ്ങളുടെ ജാമ്യക്കാരായിത്തീർന്നിരിക്കുന്നു. എന്നാൽ, ദൈവപ്രകാശം ഉൾക്കൊള്ളുന്നവർക്കുമാത്രമെ ഈ ജോലി–അതായത് ദീനീപരമായ സേവനം ചെയ്യാൻ കഴിയുകയുള്ളു എന്ന കാര്യം ഓർത്തുകൊള്ളുക.

ഈ അറിവുകളുടെ അധ്യാപനങ്ങൾ പാതിരിയ്യത്തിന്റേയും ഫിലോസഫിയ്യത്തിന്റേയും വർണത്തിൽ നല്കപ്പെടുന്നു എന്നതാണ് കാര്യം. ഈ അധ്യാപനങ്ങളെ പ്രേമിക്കുന്നവർ കുറച്ചു ദിവസം പ്രകൃത്യാലഭിക്കുന്ന സൽവിചാരം കാരണത്താൽ ഇസ്‌ലാമിക നിയമങ്ങളുടെ പാലകനായിരിക്കുമെങ്കിലും പതുക്കെപ്പതുക്കെ അവിടേയും അവിടേയും ചുവടുകൾ നീട്ടിക്കൊണ്ടുപോയി ഇസ്‌ലാമിനെ ദൂരത്തു ഉപേക്ഷിച്ചുപോകുമെന്നതായിരിക്കും ഫലം. അവസാനം ആ ആചാരങ്ങൾമാത്രം ബാക്കിയാകുന്നു. യാഥാർഥ്യവുമായി ഒരു ബന്ധവുമുണ്ടായിരിക്കുകയില്ല. ഏകപക്ഷീയമായ അറിവുകളുടെ ഗവേഷണങ്ങളിലും അധ്യാപനങ്ങളിലും മുഴുകുന്നതിന്റെ ഫലം ഇതാണുണ്ടാകുന്നത്. ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ധാരളമാളുകൾ ദേശീയ നേതാക്കന്മാർ എന്ന് പറയപെട്ടിട്ടും ഈ രഹസ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതായത് ആധുനിക അറിവുകളുടെ കരസ്ഥമാക്കൽ പ്രയോജനപ്പെടുന്നത് ദീനീപരമായ സേവനത്തിന്റെ ഉദ്ദേശ്യത്തോടെയായിരിക്കുമ്പോഴും ഏതെങ്കിലും ഉയർന്നമനോദാർഢ്യതയുള്ളവന്റേയും ദൈവികമായ ബുദ്ധി ഉൾക്കൊള്ളുന്ന ദൈവപുരുഷന്റേയും സഹവാസത്തിൽനിന്ന് ഫലമെടുക്കുമ്പോഴുമാണ്. നിരീശ്വരത വെളിവാക്കുന്ന പ്രകൃതിമാഹാത്മ്യവാദം പ്രചരിക്കാനുള്ള കാരണം മതപരിത്യാഗത്തിന്റെ വിഷംകൊണ്ടു നിറഞ്ഞ പ്രകൃതിശാസ്ത്രങ്ങളുടേയും തത്ത്വചിന്തകളുടേയും അല്ലെങ്കിൽ ഗോളശാസ്ത്രജ്ഞന്മാരുടേയും ഭാഗത്തുനിന്ന് ഇസ്‌ലാമിനുമേൽ ഉണ്ടാകുന്ന സാത്താനിക ആക്രമണങ്ങളാണെന്ന് എന്റെ ഈമാൻ പറയുന്നു. അതിനെ നേരിടുന്നതിന് അല്ലെങ്കിൽ അതിന് മറുപടി നല്കുന്നതിന് ഇസ്‌ലാമിനും ദൈവപ്രകാശത്തിനും കഴിവില്ലെന്ന് മനസ്സിലാക്കി ബുദ്ധിപരമായ കപടവ്യപഹാരങ്ങളും സാങ്കല്പികവും അനുമാനപരവുമായ തെളിവുകളും ഉപയോഗത്തിൽകൊണ്ടുവരുന്നു. അതിന്റെ ഫലമായി ഉത്തരം നല്കുന്നവിശുദ്ധ ഖുർആന്റെ ഉദ്ദേശ്യങ്ങളിൽനിന്നും താൽപര്യങ്ങളിൽനിന്നും അകന്നുപോയി വീഴുന്നു. മറഞ്ഞിരിക്കുന്ന ഒരു മതപരിത്യാഗത്തിന്റെ മറ തന്റെ മനസ്സിലിടുന്നു. അത് ഒരു നേരത്ത് അല്ലാഹു തന്റെ കരുണ ചെയ്തില്ലെങ്കിൽ നിരീശ്വരത്വത്തിന്റെ വസ്ത്രം അണിയുന്നു. അതേനിറം മനസ്സിന് നല്കുകയും നാശമടയുകയും ചെയ്യുന്നു.

ഇക്കാലത്തെ വിദ്യാസമ്പന്നരുടെമേൽ വന്നുഭവിക്കുന്ന മറ്റൊരു വിപത്ത് എന്താണെന്നാൽ അവരെ മതപരമായ അറിവ് സ്പർശിച്ചിട്ടെ ഇല്ലെന്നതാണ്. പിന്നീട് അവർ ഏതെങ്കിലും ഗോളശാസ്ത്രജ്ഞന്റേയോ തത്ത്വചിന്തകന്റേയോ ആക്ഷേപം വായിക്കുമ്പോൾ ഇസ്‌ലാമിനെ സംബന്ധിച്ച് സംശയങ്ങളും ദുർബോധനങ്ങളും അവർക്കുണ്ടാകുന്നു. പിന്നീട് അവർ ക്രിസ്ത്യാനിയോ നിരീശ്വരവാദിയോ ആയിത്തീരുന്നു. അത്തരം അവസ്ഥയിൽ അവരുടെ മാതാപിതാക്കളും അവരുടെമേൽ വലിയ അക്രമം കാണിക്കുന്നു. ദീനീപരമായ അറിവുകൾ സമ്പാദിക്കുന്നതിന് അല്പസമയം പോലും അവർക്കു നല്കുന്നില്ല. അവരെ ആരംഭംമുതൽതന്നെ വയറ്റിപ്പിഴപ്പുകളിലും കുഴപ്പങ്ങളിലും ഇടുന്നു. അത് അവരെ പരിശുദ്ധ ദീനിൽനിന്ന് പിന്തള്ളിക്കളയുന്നു.

### മതപരമായ അധ്യാപനത്തിനും ശിക്ഷണത്തിനുമുള്ള ശരിയായ സമയം

ഇക്കാര്യവും ചിന്താർഹമാണ്. മതപരമായ അറിവുകൾ കരസ്ഥമാക്കുന്നതിന് കുട്ടിക്കാലം വളരെ ചേർന്നതും അനുയോജ്യവുമാണ്. താടി മുളച്ചുവരുമ്പോൾ 'ളറബ് യള്രിബു' കാണാതെ പഠിക്കാനിരുന്നാൽ എന്തു പ്രയോജനം? കുട്ടിക്കാലത്തെ ചിന്താശക്തി വളരെ തീവ്രമായിരിക്കും. മനുഷ്യ പ്രായത്തിന്റെ മറ്റു നേരങ്ങളിൽ അങ്ങനെ ഉണ്ടാകുകയില്ല. എനിക്കു നല്ലവണ്ണം ഓർമയുണ്ട്. കുട്ടിക്കാലത്തെ ചിലകാര്യങ്ങൾ ഇപ്പോഴും ഓർമയുണ്ട്. പക്ഷേ, 15 വർഷം മുമ്പേയുള്ള മിക്ക കാര്യങ്ങളും ഓർമയില്ല. ആദ്യത്തെ പ്രായത്തിൽ അറിവുകൾ കൊത്തിവെക്കൽ എങ്ങനെയാണ് അതിന്റെ ഇടം പിടിക്കുന്നതെന്നാൽ ശക്തികൾ വളർന്നുവരുന്ന പ്രായമായ കാരണത്താൽ ഒരിക്കലും നഷ്ടപ്പെട്ടുപോകാത്ത വിധം ഹൃദയത്തിൽ പതിയുന്നു. ചുരുക്കത്തിൽ ഇതൊരു ദീർഘമായ കാര്യമാണ്. ചുരുക്കിപ്പറഞ്ഞാൽ വിദ്യഭ്യാസപരമായ മാർഗത്തിൽ ഇക്കാര്യം പരിഗണിക്കേണ്ടതും പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതുമാണ്;അതായത് മതപരമായ വിദ്യാഭ്യാസം ചെറുപ്പത്തിൽത്തന്നെ നല്കുക. എന്റെ ആരംഭകാലം മുതലെ ഇതേ ആഗ്രഹമാണുണ്ടായിരുന്നത്. ഇപ്പോഴും അതുണ്ട്. അല്ലാഹു അത് പൂർത്തിയാക്കുമാറാകട്ടെ. നോക്കുക! നിങ്ങളുടെ അയൽക്കാരായ ജനതകൾ അതായത് ആര്യസമാജക്കാർ എത്രമാത്രം ശേഷി വിദ്യാഭ്യാസത്തിന് ഉണ്ടാക്കി. പല ലക്ഷങ്ങളെക്കാളധികം രൂപ സ്വരുക്കൂട്ടി. കോളേജിന്റെ എടുപ്പുള്ള കെട്ടിടവും സാധനസാമഗ്രികളുമുണ്ടാക്കി. മുസ്‌ലിമീങ്ങൾ പൂർണമായ നിലയിൽ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിലേക്ക് ശ്രദ്ധിച്ചില്ലെങ്കിൽ ഞാൻ പറയുന്ന കാര്യം കേട്ടുവെച്ചുകൊള്ളുക, ഒരു കാലത്ത് അവരുടെ കുട്ടികൾ അവരുടെ കൈയിൽനിന്ന് പൊയ്പ്പോകുന്നതായിരിക്കും.

### സഹവാസത്തിന്റെ സ്വാധീനം

ചൊല്ല് പ്രസിദ്ധമാണ്. 'വിത്തിന്റെ സ്വാധീനം സഹവാസത്തിന്റെ സ്വാധീനം.' ഇതിന്റെ ആദ്യ ഭാഗത്തെ കുറിച്ച് പറയുകയാണെങ്കിൽ പറയാൻ

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# പരിശുദ്ധ ഹജ്ജ് കർമം

## ഹദ്റത്ത് ഇബ്റാഹീം(അ): ലഘുവിവരണം

ഇബ്റാഹീം (അ) ഇറാഖിൽ ജനിച്ചു. ഇറാഖി ജനത ആകമാനം സൂര്യചന്ദ്രാദികൾ, നക്ഷത്രങ്ങൾ, ബിംബങ്ങൾ എന്നിവയെ പൂജിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. പ്രവാചകപ്രായം ചെന്നതോടെ ഇബ്റാഹീം(അ)ന് നുബുവ്വത്ത് ലഭിച്ചു. തന്റെ ജനതയേയും അവരുടെ ഭരണകർത്താവായ നംറൂദിനേയും സമീപിച്ച് ഉപദേശം നല്കി. പക്ഷേ, അവർ സ്വീകരിക്കാൻ തയ്യാറായില്ല. ക്രൂരനായ ഭരണാധികാരിയായിരുന്ന നംറൂദിന്റെ കല്പനപ്രകാരം ഇബ്റാഹീമിനെ അവർ ഭയങ്കരമായ അഗ്നിയിലിട്ടു. എന്നാൽ, '**നീ ഇബ്റാഹിമിന് ശൈത്യവും രക്ഷയും ആയിത്തീരുക**' എന്ന അല്ലാഹുവിന്റെ കല്പനപ്രകാരം ആ അഗ്നികണ്ഡം അദ്ദേഹത്തിന് പൂന്തോപ്പായി മാറി. അനന്തരം ഇബ്റാഹീം നബി(അ) അവിടെ നിന്ന് ഈജിപ്ത്, സിറിയ എന്നീ രാജ്യങ്ങളിലേക്ക് തിരിച്ചു. അവിടങ്ങളിലും തൗഹീദിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ശ്രമിച്ചു. ഇക്കാലമദ്ധ്യെയാണ് ഇസ്മായീൽ, ഇസ്ഹാഖ് എന്നീ പുത്രന്മാരെ അദ്ദേഹത്തിന് അല്ലാഹു പ്രദാനം ചെയ്തത്. ഇസ്ഹാഖ് നബി(അ)യെ ശാമിലും ഇസ്മായീൽ നബി(അ)യെ മാതാവോടൊപ്പം ഹിജാസിലും താമസിപ്പിച്ചു. ചെങ്കടൽതീരത്ത് സിറിയൻ അതിർത്തി മുതൽ യമൻവരെ ദീർഘത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് ഹിജാസ്. ഹിജാസിൽ അന്നും ഇന്നും വിഖ്യാതമായി കിടക്കുന്ന നഗരങ്ങളാണ് മക്ക മദീന ത്വാഇഫ് എന്നിവ. ഹിജാസ് അന്ന് വിജനമായി കിടക്കുന്ന ഒരു സ്ഥലമായിരുന്നു. പക്ഷേ, യമനിലും ശാമിലും ആളുകൾ ധാരാളം താമസിച്ചിരുന്നതുകൊണ്ട് അവർ അന്യോന്യം കച്ചവടാവശ്യാർഥം ഹിജാസ് വഴിയായിരുന്നു യാത്ര ചെയ്തിരുന്നത്. അതുകൊണ്ട് യാത്രക്കിടയിൽ അവർ അവിടെ താമസിച്ചാണ് പോകാറുണ്ടായിരുന്നത്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഇസ്മായീൽ നബിയേയും മാതാവിനേയും ആ ഫല സമൃദ്ധിയില്ലാത്ത ഹിജാസിൽ ഇബ്റാഹീം(അ) താമസിപ്പിച്ചു. തുടർന്ന് അവിടെ ഒരു പ്രത്യേക സ്ഥാനത്ത് (ഇന്ന് മക്ക പട്ടണം എന്നറിയപ്പെടുന്ന സ്ഥലത്ത്)ഒരു ആരാധനാലയം പണിയുവാൻ അല്ലാഹു കല്പിച്ചു. അതനുസരിച്ച് ഇബ്റാഹീം നബിയും ഓമനപുത്രൻ ഇസ്മായീൽനബിയുംകൂടി മുമ്പേ ആദം നബിയും മകൻ ശീതുനബിയും കൂടി പണിതീർപിച്ചതും നൂഹ് നബിയുടെ കാലത്തുണ്ടായ പ്രളയത്തിൽ നശിച്ചുപോയതുമായ അതേ സ്ഥാനത്ത് ഒരു മന്ദിരം പണികഴിപ്പിക്കുകയും അതിന് ബയ്ത്തുല്ലാഹ് എന്ന് പേരുവെക്കുകയും ചെയ്തു. അല്ലാഹുവിന്റെ കല്പയനുസരിച്ച് ഇബ്റാഹീം(അ) ജനങ്ങളെ അവിടേക്ക് ക്ഷണിക്കുകയും ചെയ്തു. ഇന്നും ലോകമുസ്ലിമീങ്ങൾ ജീവിതത്തിൽ ഒരു തവണയെങ്കിലും പരിശുദ്ധ ഹജ്ജ് മാസത്തിൽ അതിന്റെ ചുറ്റുപാടും ത്വവാഫിന്നായി എത്തിച്ചേരുന്നു.

### മീഖാത്തുകൾ

**ദുൽഹുലയ്ഫഃ:** മദീനയിൽനിന്ന് ഏകദേശം 5 മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമം. മദീനയിൽ നിന്നോ അല്ലെങ്കിൽ ആ ഭാഗത്ത് നിന്നോ ഹജ്ജ് ചെയ്യുക എന്നുദ്ദേശ്യത്തോടെ വരുന്നവർ ഇവിടെ വെച്ചാണ് ഇഹ്റാം കെട്ടുന്നത്. ഇഹ്റാം കെട്ടാതെ ഇവിടെനിന്ന് മുന്നോട്ടു പോകുന്നത് ശരിയല്ല

**ജുഹ്ഫഃ :** മക്കയിൽനിന്ന് വടക്കു ഭാഗത്ത് 40 മൈൽ ദൂരെ ഒരു സ്ഥലമാണ്. അത് മിസ്ർ, ശാം പടിഞ്ഞാറു  അതായത് വടക്കെ ആഫ്രിക്കയിൽനിന്ന് വരുന്നവർക്കുള്ള മീഖാത്താണ്.

**ദാത്തുൽ അർഖ്:** മക്കയിൽനിന്ന് ഏകദേശം 30 മൈൽ ദൂരെയുള്ള ഒരു മലമ്പ്രദേശ ഗ്രാമമാണ്. അത് ഇറാഖ്, കരമാർഗം കിഴക്കൻ പ്രദേശങ്ങളിൽനിന്ന് വരുന്നവർക്കുള്ള മീക്കാത്താണ്.

**ഖർണ് മനാസിൽ:** മക്കയിൽനിന്ന് ഏകദേശം 30, 40 മൈൽ ദൂരെ കിഴക്കുഭാഗത്തുള്ള ഒരു മലയാണ്. നജദിൽനിന്നു വരുന്നവർക്കുള്ള മീഖാത്താണ് അത്.

**യലംലം:** മക്കയിൽനിന്ന് തെക്കുഭാഗത്ത് ഏകദേശം 30 മൈൽ ദൂരെ സമുദ്രത്തിൽ പൊങ്ങി നില്ക്കുന്ന ഒരു മലയുടെ പേരാണ് യലംലം. യമനിൽനിന്ന് വരുന്നവർക്ക് ഇതാണ് മീഖാത്ത്. പാക്കിസ്ഥാനിൽ നിന്ന് കടൽമാർഗം വരുന്നവർക്കും ഇതാണ് മീഖാത്ത്.

മക്കയുടെ സമീപ പ്രദേശത്ത് താമസിക്കുന്നവർക്ക് അവരുടെ വീടാണ് മീഖാത്ത്. അതായത് അവർ അവരുടെ വീട്ടിൽവച്ച് ഇഹ്റാം കെട്ടണം.

### എന്താണ് ഇഹ്റാം:

വുളൂഅ് ചെയ്യുക, അല്ലെങ്കിൽ കുളിക്കുക. സുഗന്ധം പുരട്ടുക. വൃത്തിയുള്ള രണ്ട് മുണ്ടുകൾ എടുക്കുക. ഒന്ന് ഉടുക്കുക ഒന്ന് പുതയ്ക്കുക. തലമറയ്ക്കരുത്. ഇതാണ് പുരുഷന്മാർക്കുള്ള കല്പന. സ്ത്രീകൾക്ക് അവർ അണിഞ്ഞിട്ടുള്ള വസ്ത്രത്തിൽ ഹജ്ജ് ചെയ്യാവുന്നതാണ്. സാധാരണാവസ്ഥയിൽ മുഖം മറയ്ക്കാതിരിക്കാം. ഏതെങ്കിലും അന്യ പുരുഷനെ കണ്ടുമുട്ടിയാൽ മറയ്ക്കേണ്ടത് നിർബന്ധമാണ്.

ഇതിനുശേഷം പുരുഷനായാലും സ്ത്രീയായാലും രണ്ടു റക്അത് നഫ്ൽ നമസ്കരിക്കുക. പിന്നീട് ഹജ്ജിന്റെ നിയ്യത്തോടുകൂടി തൽബിയത് ചൊല്ലാൻ തുടങ്ങുക

*ലബ്ബയ്ക് അല്ലാഹുമ്മ ലബ്ബയ്ക് ലബ്ബയ്ക് ലാ ശരീക്കലക്ക ലബ്ബയ്ക്*

*ഇന്നൽഹംദ വന്നിഅ്മത്തലക് വൽമുൽക്കലക്ക് ലാ ശരീക്കലക്*

മക്കയുടെ അടുത്തെത്തിയാൽ, കഅ്ബ കണ്ടാൽ തൽബിയയും തക്ബീറും ചൊല്ലിക്കൊണ്ട് അങ്ങേയറ്റം വേദനയോടും ശ്രദ്ധയോടുംകൂടി സദുദ്ദേശ്യങ്ങൾ  പൂർത്തിയാകുന്നതിനുവേണ്ടി ദുആ ചെയ്യുക. ദുആ സ്വീകാര്യത്തിന്റെ പ്രത്യേകമായ നേരമാണിത്.

മക്കയിൽ പ്രവേശിച്ചുകഴിഞ്ഞാൽ സാധനങ്ങളൊക്കെ വെച്ചതിനുശേഷം വുളു ചെയ്യുകയോ കുളിക്കുകയോ ചെയ്തിട്ട് നേരെ മസ്ജിദ് ഹറാമിൽ (കഅ്ബഃയുടെ ചുറ്റും നീളത്തിലും ഒരു പരിധിവരെ വൃത്താകൃതിയിലും തുറന്ന മുറ്റത്തുള്ള വിശാലവും വിസ്താരവുമുള്ള മസ്ജിദാണിത്. ഇവിടെയാളുകൾ വൃത്തത്തിൽ സ്വഫ് നിന്ന് ബയ്ത്തുല്ലായിലേക്ക് മുഖം തിരിച്ച് നമസ്കരിക്കുന്നു. ഈ മസ്ജിദ് വിശുദ്ധ ഖുർആനിൽ സൂറ ഫതഹിൽ മസ്ജിദുൽ ഹറാം എന്ന് പറയപ്പെട്ടിരിക്കുന്നു. ല തദ്ഖുലുന്നൽ മസ്ജിദൽ ഹറാമ ഇൻശാ അല്ലാഹു ആമീനീന) പോകുക. തക്ബീറും തൽബിയയും ചൊല്ലിക്കൊണ്ട് ഹജ്റെ അസ്വദിന്റെ മുമ്പിൽ നില്ക്കുക. എപ്രകാരം സുജൂദിൽ കൈ വെക്കുന്നുവോ അപ്രകാരം കഅ്ബയുടെ ഭിത്തിയിൽ കൈവെച്ചുകൊണ്ട് ഹജ്റെ അസ്വദിനെ മുത്തുക. മുത്താൻ കഴിഞ്ഞില്ലെങ്കിൽ കൈകൊണ്ട് സ്പർശിക്കുക. തൊടാനും കഴിഞ്ഞിട്ടില്ലെങ്കിൽ വടികൊണ്ടോ കൈകൊണ്ടോ ആംഗ്യം കാണിച്ച് അതിനെ മുത്തുക. തിക്കും തിരക്കുമുണ്ടാക്കി മുന്നോട്ടുപോകാൻ ശ്രമിക്കരുത്. ഹജ്റെ അസ്വദിനെ ഈ രീതിയിൽ മുത്തുന്നതിനെ 'ഇസ്തിലാം' എന്നു പറയുന്നു. ഇസ്തിലാമിനു ശേഷം ത്വവാഫ് തുടങ്ങുക. അതായത് ഹജ്റെ അസ്വദിന്റെ വലതു ഭാഗത്ത് –അവിടെയാണ് വാതിലുള്ളത്– ആ ഭാഗത്തേക്ക് നടന്നുകൊണ്ട് ബയ്ത്തുല്ലായ്ക്ക് 7 വലം വെക്കുക.

ഹത്വീമും കഅ്ബയുടെ ഭാഗമാണ്. അതുകൊണ്ട് വലംവെക്കുമ്പോൾ അതും ഉൾപ്പെടുത്തേണ്ടതാണ്. (കഅ്ബ ദേവാലയത്തിന്റെ വടക്കേ ഭിത്തിയോടു ചേർന്ന് വില്ലിന്റെ ആകൃതിയിൽ കുറച്ചു സ്ഥലം വെറുതെ കിടപ്പുണ്ട്. അതിനു ചുറ്റും ചെറിയ ചെറിയ ഭിത്തികളുണ്ട്. പക്ഷേ, മുകളിൽ മച്ചില്ല. നബി(സ)തിരുമേനിയുടെ നിയോഗത്തിനു കുറച്ചുകാലം മുമ്പേ ഖുറയ്ശികൾ കഅ്ബദേവാലയം അടിമുടി പുതുക്കിപ്പണിതിരുന്നു. അന്ന് മച്ചിടാൻ ആവശ്യത്തിനു മരം കിട്ടാത്ത കാരണത്താൽ അത് അങ്ങനെ തന്നെ ഒഴിച്ചിടുകയായിരുന്നു. ത്വവാഫിൽ ഈ ഭഗവും ഉൾപ്പെടുന്നുണ്ട്. എന്നാൽ, മസ്ജിദ് ഹറമിൽ നമസ്കരിക്കുമ്പോൾ ഈ ഭാഗത്തേക്കു മാത്രം തിരിഞ്ഞു നമസ്കരിക്കുകയാണെങ്കിൽ നമസ്കാരം ശരിയാകുകയില്ല. കഅ്ബ ദേവാലയത്തിന്റെ മുകളിൽ വീഴുന്ന വെള്ളം ചാലിലൂടെ "മേസാബെ റഹ്മത്" (കാരുണ്യത്തിന്റെ പാത്തി) ഒലിച്ചിറങ്ങി വീഴുന്നത് ഹത്വീമിൽത്തന്നെയാണ്.) ആദ്യത്തെ മുന്നു വലംവെക്കലിൽ 'റമൽ' അതായത് ഒരുവിധം അഭിമാനപുരസരം ചുമലുകൾ ഇളക്കിക്കൊണ്ട് വേഗം വേഗം നടക്കുക എന്നത് സുന്നത്താണ്. ഓരോ വലംവെക്കലിലും ഹജ്റെ അസ്വദിന്റെ അടുക്കലെത്തുമ്പോൾ അതിന് ഇസ്തിലാം (മുത്തണം) ചെയ്യണം. റുകുനെ യമാനിയ്ക്ക് (കഅ്ബയുടെ തെക്കു പടിഞ്ഞാറെ ഭാഗത്തെ മൂല. യമന്റെ ഭാഗമാണ്. അതുകൊണ്ട് ഇതിനെ **റുക്നെ യമാനീ** എന്നു പറയുന്നു. ത്വവാഫ് ചെയ്യുമ്പോൾ  ആ മൂലയെ കൈകൊണ്ടു തൊടുന്നതും അതിനെ മുത്തുന്നതും അനുവദിക്കപ്പെട്ടതാണ്)ഇസ്തിലാം ചെയ്യലും അഭികാമ്യമാണ്. ഏഴാമത്തെ വലംവെക്കൽ ഹജ്റെ അസ്വദിന്റെ മുമ്പിലാണ് അവസാനിപ്പിക്കേണ്ടത്. പിന്നീട് "മഖാമെ ഇബ്റാഹീം" ന്റെ അടുത്ത് (കഅ്ബയുടെ വാതിലിനും മുൽതസമിന്റെ മുമ്പിലുമായി ഒരു ഖുബഃ (ഗുമ്പത് പോലുള്ള കൂട്) ഉണ്ട്. അതിൽ ഇബ്റാഹിം (അ) കയറി നിന്ന് കഅ്ബഃ പണിയാൻ ഉപയോഗിച്ച ഒരു കല്ല് വെച്ചിട്ടുണ്ട്. ആ കല്ല് വെച്ചിട്ടുള്ള സ്ഥലത്തിനാണ് **"മഖാമെ ഇബ്റാഹീം"** എന്ന് പറയുന്നത്) വന്നിട്ട് ത്വവാഫിന്റെ രണ്ടു റക്അത്ത് നമസ്കരിക്കുക. പരിശുദ്ധ മക്കയിൽ എത്തിയതിനുശേഷമുള്ള ആദ്യത്തെ ത്വവാഫാണിത്. ഇതിന് **"ത്വവാഫുൽഖുദൂം"** എന്നു പറയുന്നു.

ഈ ത്വവാഫിനുശേഷം സ്വഫാ കുന്നിൽ വരിക. കഅ്ബാദേവാലയത്തിലേക്ക് മുഖം തിരിച്ചുകൊണ്ട് കൈ ഉയർത്തി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യുക. സ്വലാത്ത് ചൊല്ലുക. തക്ബീറും തൽബിയയും ചൊല്ലുക. പിന്നീടു അവിടെനിന്ന് മർവാ കുന്നിലേക്ക് പോകുക. മർവായിൽനിന്നും അതേപോലെ ദുആ ചെയ്യുക. ഇതിപ്പോൾ ഒരു ചുറ്റലായിക്കഴിഞ്ഞു. അതിനുശേഷം സ്വഫാകുന്നിൽ പോകുക. അപ്പോൾ രണ്ടു ചുറ്റലാകും. ഇപ്രകാരം സ്വഫാ മർവാ കുന്നുകൾക്കിടയിൽ ഏഴു പ്രാവശ്യം ചുറ്റുക. ചുറ്റൽ അവസാനിക്കുന്നത് മർവാ കുന്നിലായിരിക്കും. ഈ ഏഴു ചുറ്റലിന് സഅ്യ് എന്നു പറയുന്നു.

സ്വഫാ മർവാ കുന്നുകൾക്കിടയിലുള്ള സഅ്യ്നു ശേഷം ഹാജി വിരമിച്ചവനായി. താമ

(ശേഷം പേജ് 11ൽ)

# ഖുത്ബ ജുമുഅ

“വന്യമൃഗങ്ങൾ മദീനയിൽ പ്രവേശിച്ച് എന്നെ എടുത്തുകൊണ്ടു പോയാലുംശരി നബി(സ)തിരുമേനി കല്പിച്ച ഈ കാര്യത്തിൽനിന്ന് ഞാൻ പിൻമാറുകയില്ല. നബി(സ)തിരുമേനി എടുത്ത തീരുമാനും ഞാൻ നടപ്പിൽവരുത്തുക തന്നെചെയ്യും.”

“അല്ലാഹുവാണ! അവനും ഇമാറത്തിന്റെ സവിശേഷഗുണങ്ങൾ ഉൾക്കൊള്ളുന്നു. അതായത് സയ്ദ് ബിൻ ഹാരിഥായും, അതിനുശേഷം അദ്ദേഹത്തിന്റെ മകനും നേതൃത്വത്തിന്റെ(ഇമാറത്തിന്റെ)പ്രത്യേകതകൾ ഉൾക്കൊള്ളുന്നുണ്ട്.”

“അദ്ദേഹം(ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ) എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിൽ പെട്ടയാളാണ്.”

“ഇവന് അതായത് ഉസാമയ്ക്കുവേണ്ടി സദുപദേശം സ്വീകരിക്കുക. കാരണം ഇവൻ നിങ്ങളിൽ ഉത്തമരായവരിൽപ്പെട്ടവനാണ്.”

## ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടേയും ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റേയും (റ മാ) അനുഗൃഹീത ജീവിതത്തിന്റെ ചർച്ച

ഐവറികോസ്റ്റിലെ മുബല്ലിഗായിരുന്ന സിദ്ദീഖ് ആദം ഡുംബിയ(Dumbia) സാഹിബിന്റേയും ഒക്കാഡ ജില്ലയിലെ മീറക് എന്ന സ്ഥലത്തെ മിയാൻ ഗുലാം മുസ്തഫാ സാഹിബിന്റേയും വഫാത്തും അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ജൂൺ 28/1398 ഇഹ്സാൻ 28 മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, (ടിൽഫോർട്, സർറെ)യു.കെ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെക്കുറിച്ചുള്ള പരാമർശവുമായി ബന്ധപ്പെട്ട് ലഭ്യമായ കൂടുതൽ രേഖകളും സംഭവങ്ങളും ഞാനിന്ന് വിവരിക്കുന്നതാണ്. ഹിജ്റ വർഷം 6 റബീഉൽ ആഖറിൽ ബനൂസുലയിം ഗോത്രത്തിലേക്ക് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ ഒരു യുദ്ധ നടപടിക്കായി അയച്ചിരുന്നു. ഇതു പറഞ്ഞുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:

‘ഹിജ്റ വർഷം 6 റബീഉൽ ആഖറിൽ നബി(സ) തിരുമേനി മോചിപ്പിച്ച അടിമയും മുൻദത്തുപുത്രനുമായ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ കുറച്ചു മുസ്ലിമീങ്ങളെ ബനൂസുലയിം ഗോത്രത്തിലേക്ക് അയച്ചു. നജ്ദിലെ ജമൂം പ്രദേശത്തായിരുന്നു അപ്പോൾ ഈ ഗോത്രം വസിച്ചിരുന്നത്. അവർ കുറച്ചു കാലമായി നബി(സ)തിരുമേനിക്കെതിരെ പടനീക്കം നടത്തുവാൻ തക്കം പാർത്തിരിക്കുകയായിരുന്നു. ഗൂഢാലോചനകൾ നടത്തുകയും യുദ്ധങ്ങൾക്ക് പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഖൻദഖ് യുദ്ധത്തിലും ഈ ഗോത്രം മുസ്ലിമീങ്ങൾക്കെതിരിൽ വ്യക്തമായ പങ്കുവഹിച്ചിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും അദ്ദേഹത്തിന്റെ കൂട്ടാളികളും മദീനയിൽനിന്ന് ഏകദേശം 50 മൈൽ ദൂരെയുള്ള ജമൂവിൽ എത്തിയപ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല. കാലിയായ സ്ഥലമാണ് കണ്ടത്. എന്നാൽ, മുസയ്ന ഗോത്രത്തിലെ ഇസ്ലാമിന്റെ എതിരാളികളിൽപ്പെട്ട ഹലീമ എന്നു പേരുള്ള ഒരു സ്ത്രീ, ബനൂസുലയിം ഗോത്രത്തിലെ ഒരു വിഭാഗം തങ്ങളുടെ മൃഗങ്ങളേയും കന്നുകാലികളേയും മേയിച്ചുകൊണ്ടിരുന്ന സ്ഥലം അവർക്ക് പറഞ്ഞു കൊടുത്തു. അങ്ങനെ ആ അറിയിപ്പ് മുതലെടുത്ത് സയ്ദ് ബിൻ ഹാരിഥ മിന്നൽ ആക്രമണം നടത്തുകയും ആ അവിചാരിതമായ ആക്രമണത്തിൽ പരിഭ്രാന്തരായി അധികമാളുകളും അങ്ങോട്ടുമിങ്ങോട്ടുമോടി ചിതറിപ്പോകുകയും ചെയ്തു. കുറച്ചു തടവുകാരും മൃഗങ്ങളും മുസ്ലിമീങ്ങളുടെ കൈയിൽവന്നു. അവരേയുംകൊണ്ട് അവർ മദീനയിലേക്ക് മടങ്ങി. യാദൃച്ഛികമെന്നു പറയട്ടെ ആ തടവുകാരിൽ ഹലീമയുടെ ഭർത്താവും ഉണ്ടായിരുന്നു. അദ്ദേഹം യുദ്ധത്തിലെ എതിരാളിയായിരുന്നെങ്കിലും നബി(സ)തിരുമേനി ഹലീമായുടെ ആ സഹായം കാരണത്താൽ ഹലീമയെ ഫിദ്യയൊന്നും കൂടാതെ മോചിപ്പിച്ചുവെന്നുമാത്രമല്ല, അവരുടെ ഭർത്താവിനേയും ഔദാര്യമെന്ന നിലയിൽവിട്ടു. ഹലീമയും അവരുടെ ഭർത്താവും സന്തോഷത്തോടെ അവരുടെ നാട്ടിലേക്ക് തിരിച്ചു പോയി.’(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പേജ് 669)

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ മറ്റൊരു സരിയ്യത്ത്. (നബി(സ)തിരുമേനി പങ്കെടു ത്ത യുദ്ധത്തിന് ഗസ്വത്ത് എന്നും സ്വഹാബത്തിനെ മാത്രം അയച്ചിരുന്ന യുദ്ധത്തിന് സരിയ്യത്ത് എന്നും പറയുന്നു). അത് ഹിജറ 6 ജമാദുൽ അവ്വൽ മാസത്തിൽ അയ്സ് എന്ന സ്ഥലത്തേക്ക് അദ്ദേഹം അയക്കപ്പെട്ടതാണ്. അത് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:

‘ഹദ്റത്ത് സയദ് ബിൻ ഹാരിഥായെ ഈ യുദ്ധനടപടിക്കായി അതായത് ബനൂസുലയിമിലേക്ക് സൈന്യത്തെ അയച്ചിരുന്നുവല്ലോ അതിൽ നിന്ന് തിരിച്ചെത്തി അധികനാൾ കഴിയുന്നതിനുമുമ്പേ നബി(സ)തിരുമേനി ഹിജ്റ 6 ജമാദുൽ അവ്വൽ മാസത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 170 സ്വഹാബത്തിനെ വീണ്ടും മദീനയിൽനിന്ന് അയക്കുകയുണ്ടായി. ചരിത്രകാരന്മാർ ഈ യുദ്ധ നടപടിക്ക് പുറപ്പെടാനുള്ള കാരണം എഴുതിയിട്ടുള്ളത്, സിറിയയിൽ നിന്ന് മക്കയിലെ ഖുറയ്ശികളുടെ ഒരു കച്ചവടസംഘം വരുന്നുണ്ടായിരുന്നുവെന്നും അവരെ തടയുന്നതിനു വേണ്ടിയായിരുന്നു നബി(സ)തിരുമേനി ഈ സൈന്യത്തെ അയച്ചതെന്നുമാണ്.

ഞാൻ ഇവിടെ ഒരു കാര്യംകൂടി വ്യക്തമാക്കുകയാണ്, അതായത് ഖുറയ്ശി സംഘം പൊതുവെ ആയുധധാരികളായിരുന്നു. മക്കയ്ക്കും സിറിയക്കുമിടയിലൂടെയുള്ള അവരുടെ യാത്ര മദീനയുടെ വളരെ സമീപത്തുകൂടിയായിരുന്നു. അതുകാരണം അവർ എപ്പോഴും ഒരു ഭീഷണിയായിരുന്നു. അതിനും പുറമെ ആ ഗോത്രം കടന്നു പോകുന്നിടത്തെല്ലാം അറബ് ഗോത്രങ്ങളെ ഇസ്ലാമിനെതിരെ പ്രകോപിപ്പിക്കുകയും ചെയ്യുമായിരുന്നു. അതുകാരണം മുഴുവൻ അറബ് ഗോത്രങ്ങളിലും ഇസ്ലാമിനോടുള്ള ശത്രുതയുടെ ഭയാനകമായ തീ ആളിപ്പടർന്നിരിക്കുകയയായിരുന്നു. അതുകൊണ്ടുതന്നെ അവരെ തടയേണ്ടത് അനിവാര്യമായിരുന്നു. ഏതായിരുന്നാലും നബി(സ)തിരുമേനിക്ക് ഈ കച്ചവടസംഘത്തെക്കുറിച്ചുള്ള വിവരം ലഭിച്ചയുടനെ സയ്ദ് ബിൻ ഹാരിഥയെ അങ്ങോട്ട് അയക്കുകയുണ്ടായി. അവർ തന്ത്രപൂർവ്വം, തക്കംപാർത്തുകൊണ്ട് നീങ്ങുകയും ആരുമറിയാതെ അയ്സ് എന്ന പ്രദേശത്തുവച്ച് അവരെ പിടികൂടുകയും ചെയ്തു. മദീനയിൽനിന്ന് നാലു ദിവസത്തെ യാത്രാ ദൂരമുള്ള, സമുദ്രഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് അയ്സ്. മുസ്ലിമീങ്ങളുടെ മിന്നൽ ആക്രമണത്തെ ചെറുക്കാൻ ആ സംഘത്തിന് സാധിച്ചില്ല. സ്വന്തം സാധന സാമഗ്രികൾ ഉപേക്ഷിച്ച് അവർ ഓടിപ്പോകുകയാണുണ്ടായത്. സയ്ദ് കുറച്ചു പേരെ തടവുകാരാക്കുകയും അവരുടെ മുതലുകൾ പിടിച്ചെടുക്കുകയും ചെയ്തുകൊണ്ട് മദീനയിലേക്കു തിരിച്ചു. നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി.’(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 670)

മുസ്ലിമീങ്ങൾക്കെതിരിൽ എതിരാളികൾ ഗൂഢാലോചന നടത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്ത് ആക്രമണത്തിനുള്ള പദ്ധതികളെ കുറിച്ച് ആലോചിക്കുന്നുവെന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ആണ് എല്ലാ സരിയ്യത്തിന്റേയും ഗസ്വത്തിന്റേയും നേരത്ത് സൈന്യം അയക്കപ്പെട്ടിട്ടുള്ളതെന്ന് കാര്യം ഓർക്കേണ്ടതാണ്. പിന്നീട് ഹിജ്റ 6 ജമാദുൽ ആഖർ മാസത്തിൽ ത്വരിഫിലേക്ക് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ അയക്കപ്പെട്ട മറ്റൊരു സരിയ്യത്തിനെ(യുദ്ധനടപടി)സംബന്ധിച്ചുള്ള വിവരം

ലഭിക്കുന്നുണ്ട്. അത് ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നതിങ്ങനെയാണ്:

‘ബനീ ലഹ്‌യാൻ യുദ്ധത്തിനു കുറച്ചുകാലത്തിനുശേഷം ഹിജ്‌റ 6 ജമാദുൽ ആഖർ മാസത്തിൽ ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ 15 പേരടങ്ങുന്ന ഒരു സംഘത്തെ മദീനയിൽനിന്ന് 36 മൈൽ ദൂരത്ത് സ്ഥിതിചെയ്യുന്ന ത്വരിഫ് എന്ന പ്രദേശത്തേക്ക് നബി(സ)തിരുമേനി അയച്ചു. ആ സമയത്ത് അവിടെ ബനൂ ഥഅ്‌ലബ ഗോത്രത്തിലെ ആളുകളായിരുന്നു താമസിച്ചിരുന്നത്. എന്നാൽ, സയദ് ബിൻ ഹാരിഥ അവിടെ എത്തുന്നതിനു മുമ്പേ ആ ഗോത്രത്തിന് തക്ക സമയത്ത് അറിവു ലഭിച്ചതിനാൽ അവർ അവിടെനിന്ന് ചിതറിപ്പോകുകയാണുണ്ടായത്. സയ്ദും അദ്ദേഹത്തിന്റെ കൂട്ടാളികളും കുറച്ചുദിസത്തെ അസാന്നിദ്ധ്യത്തിനുശേഷം അല്പ ദിവസം അവിടെ താമസിച്ചു. പിന്നീട് മദീനയിൽ തിരിച്ചുവന്നു.’(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 680–681)

യുദ്ധം ഒന്നും ചെയ്തില്ല, അവരെ അന്വേഷിച്ചതുമില്ല.

ഹിജ്‌റ 6 ൽ ജമാദുൽ ആഖർ മാസത്തിൽ സയ്ദുബിൻ ഹാരിഥ ഹിസ്മായിലേക്ക് യുദ്ധത്തിന് അയക്കപ്പെട്ടതാണ് അദ്ദേഹത്തിന്റെ മറ്റൊരു യുദ്ധ നടപടി. നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ അഞ്ഞൂറു മുസ്‌ലിമീങ്ങളോടൊപ്പം മദീനക്ക് വടക്ക് ബനൂ ജുസാമിന്റ വാസകേന്ദ്രമായിരുന്ന ഹിസ്മാ എന്ന പ്രദേശത്തേക്ക് അയക്കുകയുണ്ടായി. ഈ ദൗത്യനിർവ്വഹണത്തിന്റെ ലക്ഷ്യമിതായിരുന്നു;നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്ന ദിഹ്‌യാ കൽബി, സിറിയയിൽ നിന്ന് റോമിലെ കൈസർ രാജാവിനെ കണ്ട് മടങ്ങുകയായിരുന്നു. ബനൂ ജുസാമിന്റെ പ്രദേശത്തുകൂടെ ദിഹ്‌യ കടന്നുപോകുമ്പോൾ ആ ഗോത്രത്തിന്റെ തലവൻ ഹുനയ്ദ് ബിൻ ആരിള് തന്റെ ഗോത്രത്തിലെ ഒരു പാർട്ടിയെ കൂടെ കൂട്ടി ദിഹ്‌യയെ ആക്രമിക്കുകയും കച്ചവട സാധനങ്ങളും കൈസർ നൽകിയ സാധന സാമഗ്രികളുമെല്ലാം തട്ടിയെടുക്കുകയും ചെയ്തു. ദിഹ്‌യ മദീനയിലെത്തി നബി(സ)തിരുമേനിക്ക് എല്ലാ സംഭവങ്ങളും വിവരിച്ചു കൊടുത്തു. അപ്പോൾ നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ അയക്കുകയുണ്ടായി. ദിഹ്‌യയെയും സയ്ദിന്റെ കൂടെ അയച്ചു. സയ്ദിന്റെ സൈന്യം വളരെ തന്ത്രപരമായി ശ്രദ്ധിച്ചു മുന്നോട്ടു നിങ്ങി. പകൽ പാത്തും പതുങ്ങിയും രാത്രി സഞ്ചരിച്ചും ഹിസ്മായിലേക്കു നീങ്ങി. അങ്ങനെ പ്രഭാത സമയത്തുതന്നെ ബനൂജുസാമിലെ ആളുകളെ പിടികൂടി. ബനൂ ജുസാമും എതിർത്തു. ശരിക്കും യുദ്ധം നടന്നു. എന്നാൽ, മുസ്‌ലിമീങ്ങളുടെ മിന്നൽ ആക്രമണത്തിനു മുമ്പിൽ അവർക്ക് പിടിച്ചു നിൽക്കാനായില്ല. അല്പ നേരത്തെ പോരാട്ടത്തിനുശേഷം അവർ പിന്തിരിഞ്ഞോടുകയും ചെയ്തു. യുദ്ധമൈതാനം മുസ്‌ലിമീങ്ങളുടെ നിയന്ത്രണത്തിലായി. അങ്ങനെ സയ്ദ് ബിൻ ഹാരിഥ ധാരാളം സ്വത്തും സാധനങ്ങളും മൃഗങ്ങളും നൂറോളം പേരെ ബന്ദികളാക്കിയും തിരിച്ചു വന്നു. എന്നാൽ, സയ്ദ് ഇപ്പോൾ മദീനയിൽ എത്തിയില്ല, ബനൂ ജുദാമിന്റെ ശാഖയായ ബനൂ ളുബയ്ബ് ഗോത്രത്തിലെ ആളുകൾക്ക് സയ്ദിന്റെ ഈ യുദ്ധനടപടിയെ കുറിച്ച് വിവരം കിട്ടി. അവർ തങ്ങളുടെ നേതാവായ രിഫാഅ ബിൻ സയ്ദിന്റെ കൂടെ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടെ ചെന്നു പറഞ്ഞു, ‘യാ റസൂലല്ലാഹ്! ഞങ്ങൾ മുസ്‌ലിമീങ്ങളായിക്കഴിഞ്ഞിരിക്കുന്നു. പറഞ്ഞതുപോലെ അവരാണ് മുഴുവൻ സാധനങ്ങളും വിടുവിപ്പിച്ചിരുന്നത്. ഞങ്ങളുടെ ബാക്കിയുള്ള ജനതയ്ക്കു വേണ്ടി സമാധാന ഉടമ്പടി എഴുതിക്കഴിഞ്ഞിരിക്കുന്നു. (അവർക്ക് സമാധാനവും കിട്ടുമെന്നുള്ള കരാർ കഴിഞ്ഞിരിക്കുന്നു). പിന്നെ ഞങ്ങളുടെ ഗോത്രത്തെ എന്തിനാണ് ആക്രമണത്തിൽ ഉൾപ്പെടുത്തിയത്. ആ ആക്രമണത്തിൽ അവരുടെ ഗോത്രത്തിലെ കുറച്ചാളുകളും പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: അതേ ഇതു ശരിയാണ്. എന്നാൽ, സയ്ദിന് അതിനെ കുറിച്ച് അറിയില്ലായിരുന്നു. പിന്നെ ആ അവസരത്തിൽ കൊല്ലപ്പെട്ടവർക്കുവേണ്ടി നബി(സ) തിരുമേനി ആവർത്തിച്ച് ഖേദം പ്രകടിപ്പിച്ചു. അപ്പോൾ രിഫാആയുടെ സുഹൃത്ത് അബൂ സയ്ദ് പറഞ്ഞു: ‘യാ റസൂലല്ലാഹ്! വധിക്കപ്പെട്ടവരെ സംബന്ധിച്ച് ഞങ്ങൾക്കൊരു ഡിമാന്റുമില്ല. അതൊരു തെറ്റുധാരണയുടെ അപകടമായിരുന്നു. അതു കഴിഞ്ഞു. ഞങ്ങളുടെ ഉടമ്പടി ചെയ്ത ആളുകളേയും യുദ്ധത്തിൽ കുടുക്കിയിരിക്കുന്നു. എന്നാൽ, ആരാണോ ജീവിച്ചിരിക്കുന്നത് അവരേയും സയ്ദ് ഞങ്ങളുടെ ആളുകളിൽനിന്ന് പിടിടിച്ചെടുത്ത സാധന സാമഗ്രികളും ഞങ്ങൾക്കു തിരിച്ചുകിട്ടേണ്ടതാണ്.’ നബി(സ) തിരുമേനി പറഞ്ഞു: അതേ, ഇത് തികച്ചും ശരിതന്നെയാണ്. അവിടന്ന് ക്ഷണത്തിൽ ഹദ്‌റത്ത് അലി(റ)യെ സയ്ദിന്റെ അടുക്കലേക്ക് പറഞ്ഞുവിട്ടു. അടയാളമെന്ന നിലയിൽ അദ്ദേഹത്തിന് തന്റെ വാളും നല്കി. ഈ ഗോത്രത്തിലെ പിടിച്ചെടുത്ത ആളുകളേയും സാധനസാമഗ്രികളും അവർക്ക് വിട്ടുകൊടുക്കാൻ സയ്ദിനോടു പറയാൻ അലിയോടു നിർദേശിച്ചു. കല്പന കിട്ടിയുടനെ സയ്ദ് എല്ലാം തടവുകാരേയും വിട്ടു. അവരുടെ ഗനീമത്തുമുതലും തിരിച്ചു കൊടുത്തു.’ (സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പേജ് 681–682)

ഇതാണ് നബി(സ)തിരുമേനിയുടെ കരാർ പാലനത്തിന്റെ മാതൃക. പിടിച്ചു, ഇനി എങ്ങനെയെങ്കിലും ദ്രോഹിക്കണമെന്നതായിരുന്നില്ല. പ്രത്യുത തെറ്റുധാരണയാൽ എന്താണോ ഉണ്ടായത് ചിലഗോത്രങ്ങൾ പങ്കെടുത്തിരുന്നു അവരിൽ ചിലർ മനഃപൂർവ്വം പങ്കെടുത്തിട്ടുണ്ടാകാം. പക്ഷേ, നബി(സ)തിരുമേനി എല്ലാവരേയും വിട്ടയച്ചു. അവരുടെ സാധനസാമഗ്രിഹകളും അവർക്കു തിരിച്ചു നല്കി.

ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥയുടെ മറ്റൊരു യുദ്ധ നടപടിയുണ്ട്. അത് ഹിജ്‌റ 6 റജബ് മാസത്തിൽ വാദിൽഖുറായലേക്ക് അയക്കപ്പെട്ടതാണ്. അതിന്റെ വിവരവും ലഭിക്കുന്നുണ്ട്. ഹിസ്മാ യുദ്ധം കഴിഞ്ഞ് ഒരു മാസത്തിനുശേഷം നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ വാദിൽഖുറായിലേക്കയച്ചു. സയ്ദിന്റെ സൈന്യം വാദിൽഖുറായിലെത്തിയപ്പോൾ ബനൂഫസാറത്തിലെ ആളുകൾ അവരെ നേരിടാൻ തയ്യാറായി നില്ക്കുകയായിരുന്നു. അങ്ങനെ ഈ യുദ്ധത്തിൽ നിരവധി മുസ്‌ലിമീങ്ങൾ ശഹീദായി. സയ്ദിനുതന്നെയും ഗുരുതരമായി പരിക്കേറ്റു. എന്നാൽ, അല്ലാഹു അവന്റെ അനുഗ്രഹത്താൽ അദ്ദേഹത്തെ രക്ഷിച്ചു.’ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:ഈ യുദ്ധനടപടിയിൽ പ്രതിപാദിക്കപ്പെട്ട വാദിൽഖുറാ, മദീനായിൽനിന്ന് വടക്കുഭാഗത്ത് ശാമിലേക്കുള്ള വഴിയിൽ ഒരു ജനവാസമുള്ള താഴ്‌വരയായിരുന്നു. അതിൽ ജനങ്ങൾ വസിച്ചിരുന്ന ധാരാളം ഗ്രാമങ്ങളുണ്ടായിരുന്നു. അതുകൊണ്ടാണ് ആ സ്ഥലത്തിന് വാദിൽഖുറാ എന്നു പേരു വീണത്. അതായത് ‘ഗ്രാമങ്ങളുടെ താഴ്‌വര.’(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 682–683)

മുഅ്ത്തത്ത് യുദ്ധം ഹിജ്‌റ 8 ജമാദുൽ അവ്വൽ മാസത്തിലാണ് നടന്നത്. സിറിയ ദേശത്തിലെ ബൽഖാഅ്ന് അടുത്തുള്ള ഒരു സ്ഥലമാണ് മുഅ്ത്തത്ത്. ഈ യുദ്ധത്തിന്റെ കാരണങ്ങൾ വിവരിച്ചുകൊണ്ട് അല്ലാമ ഇബ്നു സഅ്ദ് എഴുതുന്നു: ബുസ്റായിലെ അമീറിന്, നബി(സ)തിരുമേനി ഹാരിഥ് ബിൻ ഉമയ്റിന്റെ കൈയിൽ ഒരു കത്ത് കൊടുത്തയച്ചു. അദ്ദേഹം മുഅ്ത്തത്ത് സ്ഥലത്ത് ഇറങ്ങിയപ്പോൾ അദ്ദേഹത്തെ ശുറഹ്ബീൽ ബിൻ അംറ് ഗസ്സാനി ശഹീദാക്കി. ഹദ്‌റത്ത് ഹാരിഥ് ബിൻ ഉമയ്റിനെക്കൂടാതെ നബി(സ)തിരുമേനിയുടെ മറ്റൊരു സന്ദേശവാഹകനും ശിഹീദാക്കപ്പെട്ടില്ല. എന്തായാലും ഈ സംഭവം നബി(സ)തിരുമേനിക്ക് അസഹ്യമായി. നബി(സ)തിരുമേനി ആളുകളെ വിളിച്ചു. അവർ വളരെ വേഗം ജുർഫ് എന്ന സ്ഥലത്ത് സംഘടിച്ചു. 3000 ആയിരുന്നു അവരുടെ അംഗസംഖ്യ. നബി(സ)തിരുമേനി പറഞ്ഞു: എല്ലാവരുടേയും നേതാവ്(അമീർ) സയ്ദ് ബിൻ ഹാരിഥയാണ്. ഒരു വെള്ളക്കൊടി തയ്യാറാക്കി ഹദ്‌റത്ത് സയ്ദിന് കൊടുത്തുകൊണ്ട് ഉപദേശിച്ചു: ഹാരിഥ് ബിൻ ഉമയ്ർ ശഹീദായ സ്ഥലത്തുപോയി ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അവർ സ്വീകരിച്ചാൽ ശരി. ഇല്ലെങ്കിൽ അവർക്കെതിരിൽ അല്ലാഹുവിനോടു സഹായം തേടുക. അവരോടു യുദ്ധം ചെയ്യുക. മുഅ്ത്തത്ത് യുദ്ധം ഹിജ്‌റ 8 ജമാദുൽ അവ്വൽ മാസത്തിലാണ് നടന്നത്.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 2, പേജ് 97–98, മുഅ്തത്ത് യുദ്ധം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 34, സയ്ദ് അൽഹുബ്ബുബ്നു ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ നിവേദനം: നബി(സ)തിരുമേനി മുഅ്ത്തത്ത് യുദ്ധത്തിനായി ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥയെ അമീർ ആയി നിശ്ചയിച്ചു. നബി(സ)തിരുമേനി പറഞ്ഞു; സയ്ദ് ശഹീദായാൽ ജഅ്ഫർ അമീർ ആയിരിക്കും. ജഅ്ഫർ ശഹീദായാൽ ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹത്ത് നിങ്ങളുടെ സൈന്യാധിപനായിരിക്കും. ഈ സൈന്യത്തിന് ജയ്ശൽ ഉമറാഅ് എന്നും പറയുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 4261)(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7, പേജ് 505, ഹീഥ് 22918, മുസ്നദ് അബൂഖത്താദ അൻസ്വാരി(റ), പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

സ്വഹീഹുൽ ബുഖാരിയിലും ഇതിനെ സംബന്ധിച്ച് പറയുന്നുണ്ട്. മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലും. നിവേദനത്തിൽ ഇങ്ങനേയും വരുന്നുണ്ട്, ഹദ്‌റത്ത് ജഅ്ഫർ(റ) നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്! സയ്ദിനെ എന്റെ മേൽ അമീറാക്കുമെന്ന് ഞാനൊരിക്കലും വിചാരിച്ചിരുന്നില്ല.’ അവിടന്ന്(സ) പറഞ്ഞു, ‘അക്കാര്യം വിട്ടേക്കുക. കാരണം ഉത്തമമായതെന്താണെന്ന് താങ്കൾക്കറിയില്ല.’ (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 34, സയ്ദ് അൽഹുബ്ബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുഅ്ത്തത്ത് യുദ്ധത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറയുന്നു: ഈ സംഭവത്തെ കുറിച്ച് അല്പം കാര്യം കുറച്ച് ആഴ്ച മുമ്പേയുള്ള ഖുത്ബകളിൽ പറഞ്ഞു കഴിഞ്ഞതാണ്. ഹദ്‌റത്ത് സയ്ദിനെ കുറിച്ചാണ് ഇപ്പോൾ ചർച്ച നടന്നുകൊണ്ടിരി

ക്കുന്നത് അതുകൊണ്ട് വീണ്ടും പറയുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:

നബി(സ)തിരുമേനി ഈ യുദ്ധത്തിന്റെ നേതാവാക്കിയത് ഹദ്റത്ത് സയ്ദ്(റ)നെയാണ്. എന്നാൽ, അതിനോടൊപ്പം പറഞ്ഞു: ഞാൻ ഈ നേരത്ത് സയ്ദിനെ സൈന്യാധിപനാക്കുകയാണ്. സയ്ദ് യുദ്ധത്തിൽ വധിക്കപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ സ്ഥാനത്ത് ജഅ്ഫർ ആയിരിക്കും സൈന്യാധിപൻ. അദ്ദേഹവും വധിക്കപ്പെട്ടാൽ അബ്ദുല്ലാഹ് ബിൻ റവാഹത്തായിരിക്കും സൈന്യാധിപൻ. പിന്നീട് മുസ്‌ലിമീങ്ങൾ ഐകകണ്ഠ്യേന തിരഞ്ഞെടുക്കുന്ന ആളായിരിക്കും. അവിടന്ന് ഇതു പറഞ്ഞപ്പോൾ അടുത്തിരുന്ന ഒരു യഹൂദി പറഞ്ഞു: ഞാൻ താങ്കളെ നബിയായി വിശ്വസിക്കുന്നില്ല. ഇനി താങ്കൾ സത്യവാനാണെങ്കിലും ഈ മൂന്നുപേരിൽ ആരുംതന്നെ ജീവനോടെ തിരിച്ചു വരികയില്ല. കാരണം നബിയുടെ വായിൽനിന്ന് ഒരു കാര്യം പുറപ്പെട്ടാൽ അത് പൂർത്തിയാകുക തന്നെ ചെയ്യും. യഹൂദി സയ്ദിന്റെ അടുക്കൽ പോയെന്നും അദ്ദേഹത്തോടു ഇക്കാര്യം പറഞ്ഞെന്നുമാണ് കഴിഞ്ഞ കുറച്ചു മാസം മുമ്പേ പറഞ്ഞതായി തോന്നുന്നത്; നിങ്ങളുടെ റസൂൽ സത്യവാദിയാണെങ്കിൽ താങ്കൾ തിരിച്ചുവരുകയില്ല. അപ്പോൾ ഹദ്റത്ത് സയ്ദ് പറഞ്ഞു: 'ഞാൻ ജീവനോടെ വന്നാലും ഇല്ലെങ്കിലും, അത് അല്ലാഹുവാണ് ഏറ്റവും നല്ലവണ്ണം അറിയുന്നവൻ. എന്നാൽ, നമ്മുടെ റസൂൽ(സ) തീർച്ചയായും സത്യവാൻ തന്നെയാണ്.' ഈ സംഭവം അതുപോലെ തികച്ചും പൂർത്തിയായി എന്നത് അല്ലാഹുവിന്റെ ഹിക്മത്താണ്. ഹദ്റത്ത് സയ്ദ് ശഹീദായി. അതിനുശേഷം ജഅ്ഫർ സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹവും ശഹീദായി. അതിനു ശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹത്ത് നേതൃസ്ഥാനം ഏറ്റെടുത്തു. അദ്ദേഹവും ശഹീദായി. സൈന്യം ചിന്നിച്ചിതറലിന്റെ വക്കിലെത്തിയപ്പോൾ മുസ്‌ലിമീങ്ങളുടെ അഭിപ്രായപ്രകാരം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് പതാക കൈയിലേന്തി. അദ്ദേഹം മുഖേന അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നൽകി. മുസ്‌ലിം സൈന്യത്തെ സുരക്ഷിതമായി തിരിച്ചുകൊണ്ടുവന്നു.'(ഫരീളയെ തബ് ലീഗ് ഔർ അഹ് മദി ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 18 പേജ് 405-406)

ബുഖാരിയിൽ ഈ സംഭവം ലഭിക്കുന്നതിങ്ങനെയാണ്: അനസ്(റ) നിവേദനം: നബി(സ) തിരുമേനി പറഞ്ഞു:'മുഅ്തത്ത് യുദ്ധത്തിൽ സൈന്യാധിപനെന്ന നിലക്ക് സയ്ദ് ബിൻ ഹാരിഥ് ആദ്യം കൊടിപിടിച്ചു നിന്നു. അദ്ദേഹം ശഹീദായപ്പോൾ ജഅ്ഫർ കൊടിപിടിച്ചു. അദ്ദേഹം ശഹീദായപ്പോൾ അബ്ദുല്ലാഹ് ബിൻ റവാഹത്ത് കൊടിപിടിച്ചു. അദ്ദേഹവും ശഹീദായി. ഇതു പറയുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുകളിൽ കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. പിന്നീട് കൊടിപിടിച്ചത് ഖാലിദാണ്. സൈന്യ നേതൃത്വം വഹിക്കാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നില്ല. അദ്ദേഹത്തിന് സ്വയം ഏറ്റെടുക്കേണ്ടിവരികയാണുണ്ടായത്. അദ്ദേഹത്തിന്റെ കൈയ്ക്ക് യുദ്ധത്തിൽ വിജയം കൈവന്നു.' (സ്വഹീഹുൽ ബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1246)

നബി(സ)തിരുമേനിക്ക് ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹത്ത് എന്നിവരുടെ ശഹാദത്ത് വിവരം എത്തിയപ്പോൾ അവരുടെ അവസ്ഥ വിവരിക്കുന്നതിനുവേണ്ടി അവിടന്ന് എഴുന്നേറ്റുനിന്നു. ഹദ്റത്ത് സയ്ദിന്റെ വിവരണത്തോടെ തുടങ്ങി. അവിടന്ന് പറഞ്ഞു: അല്ലാഹുവേ! സയ്ദിന് പൊറുത്തു കൊടുത്താലും. അല്ലാഹുവേ! സയ്ദിന് പൊറുത്തു കൊടുത്താലും. അല്ലാഹുവേ! സയ്ദിന് പൊറുത്തു കൊടുത്താലും. പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹുവേ! ജഅ്ഫറിനും അബ്ദുല്ലാഹ് ബിൻ റവാഹത്തിനും പൊറുത്തു കൊടുത്താലും.'(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 34, സയ്ദ് അൽഹുബ്ബുബ്നു ഹാരിഥ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ആഇശ(റ) പറയുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായും ഹദ്റത്ത് ജഅ്ഫറും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹത്തും ശഹീദായപ്പോൾ നബി(സ)തിരുമേനി മസ്ജിദിൽ ഇരുന്നു. അദ്ദേഹത്തിന്റെ മുഖകമലത്തിൽനിന്ന് ദുഃഖവും സങ്കടവും പ്രകടമാകുന്നുണ്ടായിരുന്നു. (സുനൻ അബീ ദാവൂദ്, കിതാബുൽ ജനായഇസ് ഹദീഥ് 3122)

ത്വബ്ഖാത്തുൽ കുബ്റായിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് സയ്ദ് ശഹീദായപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തിൽ അനുശോചനമറിയിക്കുന്നതിന് നബി(സ)തിരുമേനി പോയപ്പോൾ അദ്ദേഹത്തിന്റെ മകളുടെ മുഖത്ത് കരഞ്ഞതിന്റെ ലക്ഷണമുണ്ടായിരുന്നു. അതുകണ്ടപ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. ശഹാദത്ത് സമയത്ത് സയ്ദിന് 55 വയസ്സായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഉബാദ പറഞ്ഞു: യാ റസൂലല്ലാഹ്! എന്താണിത്? അങ്ങയുടെ കണ്ണിൽനിന്ന് കണ്ണീരൊഴുകുന്നു. അവിടന്ന് പറഞ്ഞു, ഹാദാ ശൗഖുൽ ഹബീബി ഇലാ ഹബീബിഹി ഇത് ഒരു പ്രിയതമന്റെ തന്റെ പ്രിയതമനോടുള്ള സ്നേഹമാണ്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 34, സയ്ദ് അൽഹുബ്ബുബ്നു ഹാരിഥ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1990).

സയ്ദിന്റെ ശഹാദത്ത് വിവരം നല്കിക്കൊണ്ട് അല്ലാമ ഇബ്നു സഅ്ദ് എഴുതുന്നു: മുഅ്തത്ത് യുദ്ധത്തിൽ നബി(സ)തിരുമേനി സയ്ദിനെ സൈന്യാധിപനാക്കി. മറ്റു സൈന്യാധിപന്മാരെക്കാൾ അദ്ദേഹത്തെ മുന്തിച്ചു. മുസ്‌ലിമീങ്ങളും അന്യാരാധകരും തമ്മിൽ പോരാട്ടമുണ്ടായപ്പോൾ നബി(സ)തിരുമേനി നിശ്ചയിച്ച സൈന്യാധിപന്മാർ നിന്നുകൊണ്ടുതന്നെ യുദ്ധം ചെയ്യുകയായിരുന്നു. ഹദ്റത്ത് സയ്ദ് കൊടിപിടിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തു. മറ്റുള്ളവരും അദ്ദേഹത്തോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുകയായിരുന്നു. യുദ്ധത്തിന്നിടയിൽ കുന്തം കൊണ്ടതിനാൽ ഹദ്റത്ത് സയ്ദ് ശഹീദായി. ശഹാദത്തിന്റെ നേരത്ത് അദ്ദേഹത്തിന് 55 വയസായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് സയ്ദിന്റെ ജനാസ നമസ്കരിപ്പിച്ചു, എന്നിട്ടു പറഞ്ഞു: സയ്ദിനുവേണ്ടി പൊറുക്കലിനെത്തേടുക. അദ്ദേഹം ഓടിപ്പോയി സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 33-34, സയ്ദ് അൽഹുബ്ബുബ്നു ഹാരിഥ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ(റ)യുടെ മകൻ ഹദ്റത്ത് ഉസാമ(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി അദ്ദേഹത്തെ അതായത് ഹദ്റത്ത് ഉസാമയേയും ഹദറത്ത് ഹസനേയും എടുക്കുമായിരുന്നു. എന്നിട്ട് ദുആ ചെയ്യും: അല്ലാഹുവേ! ഇവർ ഇരുവരേയും നീ സ്നേഹിക്കേണമേ. ഞാൻ ഇവർ രണ്ടുപേരേയും സ്നേഹിക്കുന്നു.'(സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ, ഉസാമ ബിൻ സയ്ദ്(റ)ഹദീഥ് 3735)

ഹദ്റത്ത് ജബ്‌ല(റ) മറ്റൊരു നിവേദനം വിവരിക്കുന്നു:'നബി(സ)തിരുമേനി ഏതെങ്കിലും യുദ്ധത്തിൽ പങ്കെടുക്കാറില്ലെങ്കിൽ ഹദ്റത്ത് അലിക്കും സയ്ദിനുമല്ലാതെ മറ്റാർക്കും ആയുധം നൽകുമായിരുന്നില്ല.'(കൻസുൽഉമ്മാൽ, വാള്യം 13,പേജ് 397, ബാബുഫളാഇലുസ്സ്വഹാബ, സയ്ദ് ബിൻ ഹാരിഥ(റ), ഹദീഥ് 37066, പ്രസാധകർ മുഅസ്സസ്തുർരാസാല ബേറൂത്ത് 1985)

ഹദ്റത്ത് ജബല മറ്റൊരു രിവായത്തിൽ വിവരിക്കുന്നു; നബി(സ)തിരുമേനിക്ക് രണ്ട് ഒട്ടകക്കട്ടിലുകൾ(ഒട്ടകത്തിന്റെ പുറത്ത് ഇരിപ്പിടമായി ഉപയോഗിക്കുന്നത്) ഉപഹാരമായി ലഭിച്ചു. ഒരെണ്ണം അദ്ദേഹം സ്വയം ഉപയോഗിക്കുകയും മറ്റൊന്ന് ഹദ്റത്ത് സയ്ദിനു നൽകുകയും ചെയ്തു.(കൻസുൽഉമ്മാൽ, വാള്യം 13,പേജ് 397, ബാബുഫളാഇലുസ്സ്വഹാബ, സയ്ദ് ബിൻ ഹാരിഥ(റ), ഹദീഥ് 37067, പ്രസാധകർ മുഅസ്സസ്തുർരാസാല ബേറൂത്ത് 1985)

ഹദ്റത്ത് ജബലതന്നെ മറ്റൊരു രിവായത്തിൽ വിവരിക്കുന്നു; നബി(സ) തിരുമേനിക്ക് രണ്ട് ജുബ്ബകൾ സമ്മാനമായി ലഭിച്ചു. ഒരെണ്ണം അദ്ദേഹം സ്വയം എടുക്കുകയും മറ്റൊന്ന് ഹദ്റത്ത് സയ്ദിനു നൽകുകയും ചെയ്തു.(അൽ മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ ലിൽ ഹാക്കിം, വാള്യം 3, പേജ് 241, കിതാബുമഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 4963, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

മറ്റൊരു സ്ഥലത്ത് വിവരിക്കപ്പെട്ടിരിക്കുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ 'നബി(സ) തിരുമേനിയുടെ മുഹിബ്ബ് എന്ന് പറയപ്പെട്ടിരുന്നു. ഹദ്റത്ത് സയ്ദിനെക്കുറിച്ച് നബി(സ) പറഞ്ഞു: ജനങ്ങളിൽ വച്ച് ഏറ്റവുമധികം എന്റെ പ്രിയപ്പെട്ടവൻ അല്ലാഹു ഇൻആം ചെയ്തവനാണ്. അതായത് സയ്ദ്(റ). അല്ലാഹു ഇസ്‌ലാം മുഖേന അദ്ദേഹത്തിനുമേൽ ഇനാം ചെയ്തു. നബി(സ)തിരുമേനി സ്വാതന്ത്ര്യം മുഖേന അദ്ദേഹത്തിനുമേൽ ഇനാം ചെയ്തു. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്വഹാബ് വാള്യം 2, പേജ് 117, സയ്ദ് ബിൻ ഹാരിഥ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2010)

മുഅ്തത്ത് യുദ്ധത്തെ കുറിച്ച് വിവിധ ചരിത്രഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതിന്റെ സംഗ്രഹം ഇങ്ങനെയാണ്: മുഅ്തത്ത് യുദ്ധത്തിന് പകരം ചോദിക്കുന്നതിന് നബി(സ)തിരുമേനി ഹിജ്റ 11 സ്വഫർ മാസത്തിൽ ഒരു വലിയ സൈന്യത്തെ തയ്യാറാക്കി. റോമാക്കാർക്കെതിരെ യുദ്ധത്തിനു തയ്യാറാകാൻ ജനങ്ങളോട് പറഞ്ഞു. മുഅ്തത്ത് യുദ്ധത്തിനുശേഷമാണ് ഈ സൈന്യം തയ്യാറാക്കപ്പെട്ടതെങ്കിലും അതിനു സയ്ദ് ബിൻ ഹാരിഥയുമായി നേരിട്ട് ബന്ധമൊന്നുമില്ല. കാരണം അദ്ദേഹം ആദ്യമെ ശഹീദായിക്കഴിഞ്ഞിരുന്നു. പക്ഷേ, സൈന്യത്തിന്റെ തയ്യാറെടുപ്പിലും കാരണത്തിലും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും സ്മരിക്കപ്പെടുന്നുണ്ട്. അതുകൊണ്ട് ഈ ഭാഗവും വിവരിച്ചുതരികയാണ്. ഹദ്റത്ത് ഉസാമായെ കുറിച്ച് പറഞ്ഞപ്പോൾ കുറച്ചു ഭാഗം മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണെന്ന് തോന്നുന്നു. എന്തായാലും ഹദ്റത്ത് ഉസാമ ബദ്രീ സ്വഹാബിയായിരുന്നില്ല. ആ നേരത്ത് കുട്ടിയായിരുന്നു. പക്ഷേ, ആദ്യം ഞാൻ പൊതുവായ നിലയിലാണ് സ്വഹാബാക്കളെ കുറിച്ച് വിവരിച്ചു വന്നിരുന്നത്. അതിൽ ഇദ്ദേഹത്തെ കുറിച്ച് പറഞ്ഞു കഴിഞ്ഞതാണ്. എന്തായാലും ഈ സൈന്യം തയ്യാറായിക്കഴിഞ്ഞപ്പോൾ അടുത്ത ദിവസം ഹദ്റത്ത് ഉസാമാബിൻ സയ്ദിനെ നബി(സ)തിരുമേനി വിളിച്ചു. എന്നിട്ട് ഈ ദൗത്യത്തിന്റെ ചുമതല അദ്ദേഹത്തെ ഏല്പിച്ചുകൊണ്ട് പറഞ്ഞു: സ്വന്തം പിതാവ് ശഹീദായ ഇടത്തേക്കു പോകുക. ശാം ദേശത്തേക്ക് പോകാൻ നിർദേശം കൊടുത്തുകൊണ്ട് പറഞ്ഞു, പുറപ്പെട്ടു കഴി

ഞാൽ അതിവേഗം അവിടെ എത്തുക. അവർക്കു വിവരം ലഭിക്കുന്നതിന് മുമ്പേ അവിടെ എത്തിച്ചേരുക. പിന്നീട് നേരം വെളുത്തുടനെ ഉബ്നക്കാരുടെമേൽ–അതായത് ശാം ദേശത്ത് ബൽഖായുടെ പ്രദേശത്ത് മുഅ്ത്തത്തിനടുത്ത് ഒരു സ്ഥലമുണ്ട്, അവിടെയാണ് മുഅ്ത്തത്ത് യുദ്ധം നടന്നത്–ആക്രമണം നടത്തുക. ശാം ദേശത്തുള്ള ഒരു സ്ഥലത്തിന്റെ പേരാണ് ബൽഖാഅ്. അത് ദിമിശ്ഖിന്റേയും വാദിൽഖുറായുടേയും ഇടയിലാണ്. ഇതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ഹദ്റത്ത് ലൂതിന്റെ സന്താനപരമ്പരയിൽപ്പെട്ട ബാലിഖ് എന്നുപേരുള്ള ഒരാളാണ് ഇവിടം ജനവാസമാക്കിയതെന്നാണ്. ദാറോമിനെക്കുറിച്ചെഴുതിയിരിക്കുന്നത് മിസ്റി (ഈജിപ്ത്)ലേക്കുപോകുമ്പോൾ ഫലസ്തീനിൽ ഗസ്സ എന്ന സ്ഥലത്തുള്ള ഒരുസ്ഥലമാണെന്നാണ്. എന്തായാലും ഹദ്റത്ത് സയ്ദിനോടു ചെയ്തതിന് പകരംവീട്ടാൻ ഈ സ്ഥലങ്ങളെ നിങ്ങളുടെ കുതിരകൾ മുഖേന റോന്തുചുറ്റാനും നബി(സ)തിരുമേനി പറഞ്ഞു. വഴികാണിച്ചു തരുന്ന ആളേയും കൂടെക്കൊണ്ടുപോകാൻ നബി(സ)തിരുമേനി ഉസാമയോടു വീണ്ടും പറഞ്ഞു. താങ്കൾക്ക് അവിടുത്തെ ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആളുകളെ നിശ്ചയിക്കുക. അല്ലാഹു നിങ്ങൾക്ക് വിജയം നല്കി നിങ്ങൾ എത്രയുംവേഗം തിരിച്ചു വരിക.

അല്ലാഹു നിങ്ങൾക്ക് വിജയം നൽകുമാറാകട്ടെ. എത്രയും പെട്ടെന്ന് തിരിച്ചു വരിക. ആ സമയത്ത് ഹദ്റത്ത് ഉസാമയുടെ പ്രായം പതിനേഴിനും ഇരുപതിനുമിടയിലായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉസാമയ്ക്കു വേണ്ടി സ്വന്തം കൈകൊണ്ട് ഒരു പതാക കെട്ടിയുണ്ടാക്കി. എന്നിട്ട് പറഞ്ഞു; അല്ലാഹുവിന്റെ നാമത്തിൽ അവന്റെ വഴിയിൽ ജിഹാദ് ചെയ്യുക. അവനെ നിഷേധിക്കുന്നവരുമായി യുദ്ധം ചെയ്യുക.

ഹദ്റത്ത് ഉസാമ കൊടിയുമെടുത്ത് പുറപ്പെട്ടു. അത് ഹദ്റത്ത് ബുറയ്ദായെ ഏല്പിച്ചു. ഈ സൈന്യം ജുരിഫ് എന്ന സ്ഥലത്ത് സംഘടിക്കാൻ തുടങ്ങി. ജുരിഫും മദീനയിൽനിന്ന് മൂന്നുമൈൽ ദൂരത്തുള്ള ഒരു സ്ഥലമാണ്. ഈ സൈന്യത്തിന്റെ ആൾബലം 3000 എന്ന് പറയപ്പെടുന്നു. ഈ സൈന്യത്തിൽ മുഹാജിറുകളും അൻസ്വാറുകളുമെല്ലാം പങ്കെടുത്തു. അവരിൽ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂഉബയ്ദ ബിൻ അൽജർറാഹ്, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് തുടങ്ങിയ പ്രഗത്ഭരായ സ്വഹാബിവര്യന്മാരും വലിയ സ്വാഹാബിമാരും പങ്കെടുത്തിരുന്നു. പക്ഷേ, ആ സൈന്യത്തിന്റെ അധിപനായി നിശ്ചയിച്ചത് പതിനേഴ് പതിനെട്ട് വയസ്സു പ്രായമുള്ള ഹദ്റത്ത് ഉസാമയെ ആയിരുന്നു.

ഈ കുട്ടിയെ ഇത്ര ചെറിയ പ്രായത്തിൽ ഒന്നാം നിരയിലുള്ള സ്വഹാബത്തിന്റെമേൽ അമീറാക്കി എന്നു പറഞ്ഞ് ചിലയാളുകൾ ആക്ഷേപം ഉന്നയിച്ചു. അതിൽ നബി(സ)തിരുമേനി കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചു. അവിടന്ന് തന്റെ തല ഒരു റുമാൽകൊണ്ട് കെട്ടിയിരുന്നു; ഒരു ചാദുർ പുതക്കുകയും ചെയ്തിരുന്നു. അവിടന്ന് മിമ്പറിൽ കയറി. പറഞ്ഞു: അല്ലയോ ജനങ്ങളേ! ഇതെന്താണ്? നിങ്ങളിലുള്ള ചിലരിൽനിന്ന് ഉസാമായുടെ ഇമാറത്തിനെ സംബന്ധിച്ച് ഞാൻ കേട്ടതെന്താണ്? ഉസാമായെ ഞാൻ അമീറാക്കിയതിൽ നിങ്ങൾ ആക്ഷേപം ഉന്നയിക്കുന്നുവെങ്കിൽ ഇതിനുമുമ്പേ അദ്ദേഹത്തിന്റെ പിതാവിനെ അമീറാക്കിയപ്പോഴും നിങ്ങളിൽ ചിലർ ആക്ഷേപം ഉന്നയിച്ചുകഴിഞ്ഞിരിക്കുന്നു. പിന്നീട് അവിടന്ന് പറയുന്നു: അല്ലാഹുവാണ! അവനും ഇമാറത്തിന്റെ സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്നു. അതായത് സയ്ദ് ബിൻ ഹാരിഥായും അതിനുശേഷം അദ്ദേഹത്തിന്റെ മകനും നേതൃത്വത്തിന്റെ(ഇമാറത്തിന്റെ)പ്രത്യേകതകൾ ഉൾക്കൊള്ളുന്നുണ്ട്. അദ്ദേഹം എനിക്ക് ഏറ്റവുമധികം പ്രയിപ്പെട്ടവരിൽപ്പെട്ടയാളായിരുന്നു. ഇവരിരുവരും ഏറ്റവും കൂടുതൽ നന്മയ്ക്ക് അവകാശപ്പെട്ടവരാണ്.' പിന്നീട് അവിടന്ന് പറഞ്ഞു: അതിനാൽ ഇവന് അതായത് ഉസാമയ്ക്കുവേണ്ടി സദുപദേശം സ്വീകരിക്കുക. കാരണം ഇവൻ നിങ്ങളിൽ ഉത്തമരായവരിൽപ്പെട്ടവനാണ്. ഇത് റബീഉൽ അവ്വൽ 10 ശനിയാഴ്ച യായിരുന്നു. അതായത് നബി(സ)തിരുമേനി വഫാത്താകുന്നതിന് രണ്ടുദിവസം മുമ്പേയുള്ള കാര്യമാണ്. ഉസാമായോടൊപ്പം പോകുന്ന മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയോടു വിടചോദിച്ച് ജുർഫ് എന്ന സ്ഥലത്ത് സൈന്യത്തിൽ ചേരുന്നതിനുവേണ്ടി പോകാൻ പോകുകയായിരുന്നു. നബി(സ)തിരുമേനിയുടെ അസുഖം വർധിച്ചു. എങ്കിലും അവിടന്ന് ഉസാമയുടെ സൈന്യത്തെ അയയ്ക്കുക എന്ന് നിർദേശം നൽകിക്കൊണ്ടിരുന്നു. ഞായറാഴ്ച നബി(സ) തിരുമേനിയുടെ വേദന അധികമായി. ഹദ്റത്ത് ഉസാമായുടെ സൈന്യം തിരിച്ചുവന്നപ്പോൾ അവിടന്ന് അബോധാവസ്ഥയിലായിരുന്നു. ആ ദിവസം ആളുകൾ നബി(സ)തിരുമേനിക്ക് മരുന്നു കൊടുത്തിരുന്നു. ഹദ്റത്ത് ഉസാമ തലകുനിച്ച് നബിയ്ക്ക് മുത്തംകൊടുത്തു. നബി(സ)തിരുമേനിക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ, അവിടന്ന് തന്റെ ഇരുകരങ്ങളും ആകാശത്തേക്ക് ഉയർത്തുകയും ഉസാമായുടെ തലയിൽ വെക്കുകയും ചെയ്തു. ഹദ്റത്ത് ഉസാമ പറയുന്നു, നബി(സ)തിരുമേനി എനിക്കുവേണ്ടി ദുആ ചെയ്യുകയാണെന്ന് എനിക്കു മനസ്സിലായി. ഹദ്റത്ത് ഉസാമ സൈന്യത്തിന്റെ അടുത്തേക്ക് വീണ്ടും തിരിച്ചു വന്നു. തിങ്കളാഴ്ച നബി(സ)തിരുമേനിയുടെ അസുഖത്തിന് ശമനമുണ്ടായി. അവിടന്ന് ഹദ്റത്ത് ഉസാമയോടു പറഞ്ഞു, 'ഹദ്റത്ത് ഉസാമ(റ) പറയുന്നു: അല്ലാഹുവിന്റെ ബർക്കത്തുകൊണ്ട് പുറപ്പെട്ടുകൊള്ളുക. ഹദ്റത്ത് ഉസാമ(റ), നബി(സ)തിരുമേനിയോടു വിടപറഞ്ഞ് പുറപ്പെട്ടു. ആളുകളോടു പുറപ്പെടാൻ കല്പിച്ചു. അതിനിടയിൽ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഉമ്മു അയ്മനിൽനിന്നുള്ള ഒരു സന്ദേശവുമായി ഒരാൾ വന്നു. 'നബി(സ)തിരുമേനിയുടെ അവസാന സമയമാണെന്നു മനസ്സിലാകുന്നു, ആരോഗ്യാവസ്ഥ വളരെയധികം വഷളായിക്കഴിഞ്ഞിരിക്കുന്നു.' ഈ ദുഖകരമായ വാർത്ത കേട്ടയുടനെ ഹദ്റത്ത് ഉമറിനേയും ഹദ്റത്ത് അബൂഉബയ്ദയേയും കൂട്ടി നബി(സ)തിരുമേനിയുടെ അടുത്ത് തിരിച്ചെത്തിയപ്പോൾ മരണാസന്ന നിലയിലാണ് കണ്ടത്.

റബീഉൽ അവ്വൽ 12 തിങ്കളാഴ്ച സൂര്യൻ അസ്തമിച്ചതിനുശേഷം നബി(സ)തിരുമേനി നിര്യാതനായി. ഇക്കാരണത്താൽ മുസ്ലിം സൈന്യം ജുർഫ് സ്ഥലത്തുനിന്ന് മദീനയിൽ തിരച്ചെത്തി. ഹദ്റത്ത് ബുറയ്ദ(റ), ഹദ്റത്ത് ഉസാമയുടെ പതാക നബിതിരുമേനിയുടെ വീടിനു മുൻപിൽ നാട്ടി. ഹദ്റത്ത് അബൂബക്കറിന് ബയ്അത്തു ചെയ്തുകഴിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ബുറയ്ദയോട് ആ പതാകയെടുത്ത് ഉസാമയുടെ വീട്ടിലെത്തുവാൻ കല്പിച്ചു; അദ്ദേഹം ദൗത്യനിർവ്വഹണത്തിന് പുറപ്പെടാൻ! ഹദ്റത്ത് ബുറയ്ദ(റ) പതാകയുമായി സൈന്യം ആദ്യം നിന്നിടത്തെത്തി. നബി(സ)തിരുമേനിയുടെ നിര്യാണത്തിനുശേഷം അറേബ്യ മുഴുവൻ സാധാരണക്കാരാവട്ടെ പ്രത്യേകപ്പെട്ടവരാവട്ടെ ഏകദേശം എല്ലാ ഗോത്രങ്ങളിലും ഫിത്നയും മതപരിത്യാഗവും വ്യാപിച്ചുകഴിഞ്ഞിരുന്നു. അവരിൽ കപടത പ്രകടമായിക്കഴിഞ്ഞിരുന്നു. ആ നേരത്ത് യഹൂദികളും ക്രിസ്ത്യാനികളും തങ്ങളുടെ കണ്ണുകൾ വിരിച്ചു. ഇനിയെന്താകുമെന്ന് കാണാമല്ലോ എന്ന് പറഞ്ഞ് അവർ സന്തോഷത്തിലായിരുന്നു. പകരം വീട്ടാനുള്ള തയ്യാറെടുപ്പുകളും നടത്തിക്കൊണ്ടിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തും മുസ്ലിമീങ്ങളുടെ ആൾബലക്കുറവും കാരണത്താൽ ആ മുസ്ലിമീങ്ങളുടെ അവസ്ഥ പ്രളയരാത്രിയിലെ ആട്ടിൻക്കുട്ടിയെപ്പോലെയായി. വളരെ പ്രയാസകരമായ അവസ്ഥയിലായിരുന്നു. വലിയ വലിയ സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്കർ(റ)നോടു പറഞ്ഞു; 'ഇപ്പോഴത്തെ സങ്കീർണ്ണാവസ്ഥ പരിഗണിച്ചുകൊണ്ട് ഉസാമയുടെ സൈന്യത്തെ അയക്കുന്നത് അല്പം താമസിപ്പിച്ചാലും. ലേറ്റാക്കിയാലും. കുറച്ചുകഴിഞ്ഞ് പൊയ്ക്കൊള്ളട്ടെ.' എന്നാൽ, ഹദ്റത്ത് അബൂബക്കർ(റ) അതംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞു:

വന്യമൃഗങ്ങൾ എന്നെ കടിച്ചു വലിച്ചിഴച്ചാലും ശരി നബി(സ)തിരുമേനിയുടെ കല്പനപ്രകാരം ഞാൻ ഈ സൈന്യത്തെ അയക്കുകതന്നെ ചെയ്യും. സൈന്യം വീണ്ടും തയ്യാറായി. അവസ്ഥയുടെ സങ്കീർണ്ണത കണക്കിലെടുത്തുകൊണ്ട്, സൈന്യത്തെ തടയേണ്ടതാണെന്ന് സ്വഹാബാക്കൾ അഭിപ്രായം മുന്നോട്ടു വച്ചു. ഒരു നിവേദനപ്രകാരം ചില അൻസ്വാർ സ്വഹാബാക്കൾ ഹദ്റത്ത് ഉമർ(റ)നോടു പറഞ്ഞു, ഇനി അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായ അബൂബക്കർ(റ) സൈന്യത്തെ അയക്കാൻ തന്നെ തീരുമാനിച്ചിരിക്കുകയാണെങ്കിൽ പ്രായത്തിൽ ഉസാമയെക്കാളും മുതിർന്നയൊരാളെ സൈന്യത്തിന്റെ നേതാവായി നിശ്ചയിക്കുവാൻ താങ്കൾ അപേക്ഷിച്ചാലും. ആളുകളുടെ ഈ അഭിപ്രായങ്ങളുമായി ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുത്തെത്തി. ഹദ്റത്ത് അബൂബക്കർ(റ)അപ്പോഴും തങ്ങളുടെ ആ ഉറച്ച തീരുമാനത്തോടെ പറഞ്ഞു; വന്യമൃഗങ്ങൾ മദീനയിൽ പ്രവേശിച്ച് എന്നെ എടുത്തുകൊണ്ടു പോയാലുംശരി നബി(സ)തിരുമേനി കല്പി

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ച്ച ഈ കാര്യത്തിൽനിന്ന് ഞാൻ പിൻമാറുകയില്ല. നബി(സ)തിരുമേനി എടുത്ത തീരുമാനം ഞാൻ നടപ്പിൽ വരുത്തുക തന്നെ ചെയ്യും. അതേ! നാട്ടിൽ എന്നെക്കൂടാതെ ആരുംതന്നെയില്ലെങ്കിലും ഞാൻ ഈ തീരുമാനം നടപ്പിൽ വരുത്തുന്നതായിരിക്കും.' എന്തായാലും അവിടന്ന് നബി(സ)തിരുമേനിയുടെ കല്പന പൂർണമായും നിലനിറുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്തു. ഹദ്റത്ത് ഉസാമായുടെ സൈന്യത്തിലുണ്ടായിരുന്ന എല്ലാ സ്വഹാബത്തും തിരിച്ച് ജുർഫിൽച്ചെന്ന് സൈന്യത്തോടൊപ്പം ചേരാൻ ഹദ്റത്ത് അബൂബക്കർ(റ) നിർദേശം കൊടുത്തു. അദ്ദേഹം പറഞ്ഞു: ആദ്യമെ ഉസാമയോടൊപ്പം സൈന്യത്തിലുണ്ടായിരുന്ന എല്ലാ ഓരോരുത്തരും–നബി(സ)തിരുമേനി സൈന്യത്തിൽ ചേരാൻ അവരോടു പറഞ്ഞിരുന്നതാണ്, അവർ ഒരിക്കലും മാറി നില്ക്കരുത്. മാറി നില്ക്കാൻ ഞാൻ അവർക്ക് അനുവാദവും കൊടുക്കുകയില്ല. അവർ നടന്നുപോകേണ്ടി വന്നാലും നിർബന്ധമായും പോകണം. എന്തായാലും സൈന്യം പിന്നീട് ഒരിക്കൽക്കൂടി തയ്യാറായി. ചില സ്വഹാബാക്കൾ അവസ്ഥകൾ നല്ലതല്ലെന്ന് കണ്ട് ഇപ്പോൾ സൈന്യത്തെ വിടാതിരിക്കേണ്ടതാണെന്ന അഭിപ്രായം നല്കി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമർ(റ)നോടു ഹദ്റത്ത് ഉസാമ(റ)പറഞ്ഞു, താങ്കൾ അബൂക്കറിന്റെ അടുത്തുപോയി സൈന്യം പോകാൻ പറഞ്ഞ കല്പന പിൻവലിക്കാൻ പറയുക; മതപരിത്യാഗികൾക്കെതിരെ അണിനിരക്കാനും റസൂലിന്റെ ഖലീഫയേയും നബിപത്നിമാരേയും മുസ്‌ലിമീങ്ങളേയും അന്യാരാധകരുടെ ആക്രമണത്തിൽ നിന്ന് സുരക്ഷിതമാക്കിവെക്കാനും നമുക്ക് സാധിക്കുന്നതിന്! ഇതിനുപുറമെ ചില അൻസ്വാർ സ്വഹാബാക്കൾ ഹദ്റത്ത് ഉമറിനോടു പറഞ്ഞു, അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായ ഹദ്റത്ത് അബൂബക്കർ സൈന്യത്തെ അയക്കാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളതെങ്കിൽ ഉസാമയെക്കാൾ പ്രായമുള്ള ഒരാളെ അമീറായി നിശ്ചയിച്ച് അയക്കാൻ അദ്ദേഹത്തിനോടു പറയുക. ആളുകളുടെ ഈ അഭിപ്രായങ്ങളുമായി ഹദ്റത്ത് അബൂബക്കറിന്റെ സന്നിധിയിൽ ഹദ്റത്ത് ഉമർ(റ)ഹാജരായി. ഹദ്റത്ത് അബൂബക്കർ(റ) വീണ്ടും ദൃഢഗാഢമായ നിലയിൽ പറഞ്ഞു: കാട്ടിലെ വന്യമൃഗങ്ങൾ മദീനയിൽ കടന്ന് എന്നെ പൊക്കിയെടുത്ത് കൊണ്ടുപോയാലും നബി(സ)തിരുമേനി ചെയ്യാൻ പറഞ്ഞ പ്രവൃത്തിയിൽനിന്ന് പിന്നോട്ടു മാറുകയില്ല. അതിനുശേഷം ഹദ്റത്ത് ഉമർ(റ)ചില അൻസ്വാറുകളുടെ സന്ദേശം കേൾപ്പിച്ചപ്പോൾ ഹദ്റത്ത് അബൂബക്കിർ ജലാലിയായ നിലയിൽ പറഞ്ഞു, അദ്ദേഹത്തെ അതായത് ഹദ്റത്ത് ഉസാമയെ നബി(സ)തിരുമേനിയാണ് അമീറാക്കിയത്. അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് നീക്കണമെന്ന് താങ്കൾ എന്നോടു പറയുകയാണോ?

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖണ്ഡിതമായുള്ള ആ തീരുമാനം കേട്ടതിനുശേഷം ഹദ്റത്ത് ഉമർ(റ) സൈന്യത്തിന്റെ മുമ്പിൽ തിരികെയെത്തി. എന്തായി കാര്യമെന്ന് ജനങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞു: 'എന്റെ അടുത്തുനിന്ന് എത്രയും വേഗം പൊയ്ക്കൊള്ളുക. നിങ്ങൾ കാരണം മാത്രം എനിക്കിന്ന് റസൂലുല്ലായുടെ ഖലീഫയിൽനിന്ന് വഴക്കു കേൾക്കേണ്ടി വന്നു."

അങ്ങനെ ഹദ്റത്ത് അബൂബക്കർ(റ)ന്റെ കല്പന പ്രകാരം ഉസാമയുടെ സൈന്യം ജുർഫ് എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി. ഹദ്റത്ത് അബൂബക്കർ(റ) നേരിട്ട് അവിടെ പോകുകയും സൈന്യത്തെ അണിനിരത്തുകയും ചെയ്തു. പുറപ്പെടുന്ന നേരത്തുണ്ടായിരുന്ന ദൃശ്യവും വളരെ അത്ഭുതകരമായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഉസാമാ കുതിരപ്പുറത്തും റസൂലിന്റെ ഖലീഫയായ അബൂബക്കർ കാൽനടയായും നീങ്ങുകയായിരുന്നു. ഹദ്റത്ത് ഉസാമ പറഞ്ഞു: അല്ലയോ റസൂല്ലുല്ലായുടെ ഖലീഫാ! താങ്കൾ കുതിരപ്പുറത്തു യാത്ര ചെയ്താലും അല്ലെങ്കിൽ ഞാനും താഴെയിറങ്ങി താങ്കളോടൊപ്പം നടക്കുകയാണ്.' ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: അല്ലാഹുവാണ! താങ്കൾ അതിൽനിന്ന് താഴെ ഇറങ്ങുകയുമില്ല. ഞാൻ അതിൽ കയറി യാത്രചെയ്യുകയുമില്ല. എന്റെ കാലുകൾക്കെന്താ അല്പ നേരത്തേക്ക് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊടിപുരളാൻ പാടില്ലേ? എന്തെന്നാൽ ഒരു യോദ്ധാവ് മുന്നോട്ടു വയ്ക്കുന്ന ഓരോ കാലടിക്കും പ്രതിഫലമായി എഴുന്നൂറു നന്മകൾ രേഖപ്പെടുത്തുന്നു, എഴുന്നൂറു പദവികൾ നൽകപ്പെടുന്നു. എഴുന്നൂറു തിന്മകൾ മാപ്പാക്കപ്പെടുന്നു.

ഹദ്റത്ത് അബൂബക്കറിന് മദീനയിൽ ധാരാളം ജോലികൾക്ക് ഹദ്റത്ത് ഉമറിനെ ആവശ്യമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)അദ്ദേഹത്തെ സ്വയം തടഞ്ഞു നിറുത്തുന്നതിനുപകരം താങ്കൾ നല്ലതെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഹദ്റത്ത് ഉമറിന് മദീനയിൽ താമസിക്കാൻ അനുവാദം നല്കണമെന്ന് ഹദ്റത്ത് ഉസാമയോടു അനുവാദം ചോദിച്ചു. ഹദ്റത്ത് ഉസാമ(റ) കാലത്തിന്റെ ഖലീഫയുടെ വാക്കുകൾക്ക് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ഹദ്റത്ത് ഉമറിന് മദീനയിൽ താമസിക്കാൻ അനുവാദം നല്കി. ഈ സംഭവത്തിനു ശേഷം ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസാമയെ കാണുമ്പോഴെല്ലാം *അസ്സലാമു അലയ്ക്ക അയ്യുഹൽ അമീറു*–അല്ലയോ അമീറേ! താങ്കൾക്ക് സമാധാനമുണ്ടാകട്ടെ എന്നു പറയുമായിരുന്നു. ഹദ്റത്ത് ഉസാമാ(റ) അതിനു മറുപടിയായി *ഗഫറല്ലാഹു ലക്ക യാ അമീറൽ മുഅ്മിനീൻ* എന്നു പറയുമായിരുന്നു. അതായത് അല്ലയോ അമീറുൽ മുഅ്മിനീൻ! അല്ലാഹു താങ്കൾക്കു പൊറുത്തു തരുമാറാകട്ടെ.

എന്തായാലും ഹദ്റത്ത് അബൂബക്കർ(റ) അവസാനം സൈന്യത്തെ ഈ വാക്കുകളിൽ ഉപദേശിച്ചു: 'നിങ്ങൾ വിശ്വാസവഞ്ചനയ്ക്ക് ഇരയാകരുത്. വിശ്വാസ വഞ്ചന കാണിക്കരുത്. വാഗ്ദാനം ലംഘിക്കരുത്. മോഷ്ടിക്കരുത്. യുദ്ധത്തിൽ എതിർകക്ഷിയുടെ ശവശരീരത്തെ വികൃതമാക്കരുത്. ചെറിയ കുട്ടികളെയും സ്ത്രീകളെയും വൃദ്ധരേയും വധിക്കരുത്. ഈന്തപ്പനകൾ വെട്ടി നശിപ്പിക്കുകയോ കത്തിച്ചു നശിപ്പിക്കുകയോ ചെയ്യരുത്. ആടുമാടുകളെയും ഒട്ടകങ്ങളെയും ഭക്ഷിക്കാനായിട്ടല്ലാതെ അറുക്കരുത്. തുടർന്നദ്ദേഹം പറഞ്ഞു, ചർച്ചുകളിൽ ആരാധനയ്ക്കായി സ്വയം സമർപ്പിച്ച സമൂഹത്തിനിടിയിലൂടെയും നിങ്ങൾക്ക് കടന്നുപോകേണ്ടിവരും. അവരെ വിട്ടുകളയുക. പാത്രങ്ങളിൽ വിവിധ ഗുണത്തിലും തരത്തിലുമുള്ള ഭക്ഷണങ്ങളുമായിവരുന്നവരെയും നിങ്ങൾ കാണും. നിങ്ങളതിൽ നിന്നും ഭക്ഷിക്കുകയാണെങ്കിൽ ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് കഴിക്കുക. തങ്ങളുടെ തലമുടി ഉച്ചിയിൽ നിന്ന് മുണ്ഡനം ചെയ്തിട്ടുള്ളവരുടെ അടുത്തും നിങ്ങൾ തീർച്ചയായും എത്തുന്നതാണ്. പക്ഷേ, നാലുഭാഗത്തും അവർ മുടി തൂക്കിയിട്ടുണ്ടാകും. അവരെ വാളുകൊണ്ട് ചെറിയ പോറലേൽപിക്കുക. എന്നിട്ട് അല്ലാഹുവിന്റെ നാമത്തിൽ സ്വയം പ്രതിരോധത്തിനുള്ള ഏർപ്പാടു ചെയ്യുക. അല്ലാഹു നിങ്ങളെ പ്ലേഗ് തുടങ്ങിയ പകർച്ചവ്യാധികളിൽ നിന്ന് സംരക്ഷിക്കുമാറാകട്ടെ. പിന്നീട് ഹദ്റത്ത് ഉസാമയോടു ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ നിന്നോടു എന്തൊന്നു ചെയ്യാനാണോ പറഞ്ഞത് അതെല്ലാം ചെയ്യുക.

ഇക്കാര്യങ്ങളിൽനിന്നെല്ലാം അബൂബക്കർ (റ) ഹദ്റത്ത് ഉസാമയോടു ഇസ്‌ലാമിക യുദ്ധത്തിന്റെ മര്യാദകൾ പാലിക്കാനും ഒരു തരത്തിലുള്ള അക്രമവും ഉണ്ടാവരുതെന്നും പറഞ്ഞതിൽനിന്ന് ഈ സൈന്യത്തിന്റെ വിജയത്തിൽ അദ്ദേഹത്തിന് ദൃഢഗാഢമായ വിശ്വാസമുണ്ടായിരുന്നുവെന്നും പ്രകടമാകുന്നുണ്ട്. അതുകൊണ്ടാണ് നിങ്ങൾക്ക് വിജയങ്ങൾ ലഭിക്കുന്നതായിരിക്കുമെന്ന് അവിടന്ന് പറഞ്ഞത്. അങ്ങനെ ഹിജ്റ 11 റബീഉൽ അവ്വൽ ഒന്നിന് ഉസാമ തന്റെ സൈന്യത്തോടൊപ്പം മദീനയിൽ നിന്ന് പുറപ്പെട്ട് താവളങ്ങൾ താണ്ടി നബി(സ)തിരുമേനിയുടെ വസിയ്യത്ത് അനുസരിച്ച് ഉബ്നാ പ്രദേശത്തെത്തുകയും പ്രഭാതമായതോടുകൂടി നാലുദിക്കുകളിൽ നിന്നും ആ പ്രദേശത്തെ ആക്രമിക്കുകയും ചെയ്തു. ഈ യുദ്ധത്തിലെ മുദ്രാവാക്യം *യാ മൻസ്വൂറു അമിത്* എന്നതായിരുന്നു. 'അല്ലയോ സഹായം ലഭിച്ചവനെ കൊന്നിടുക.' ഈ യുദ്ധത്തിൽ മുസ്‌ലിം യോദ്ധാക്കളോടേറ്റുമുട്ടിയവരെല്ലാം വധിക്കപ്പെട്ടു. നിരവധി പേരെ ബന്ദികളാക്കി. ധാരാളം യുദ്ധമുതലുകൾ ലഭിച്ചു. അതിൽ നിന്ന് അഞ്ചിലൊരു ഭാഗം മാറ്റിവച്ച് ബാക്കി സൈനികർക്കിടയിൽ വിതരണം ചെയ്തു. ഈ യുദ്ധം കഴിഞ്ഞ് സൈന്യം ഒരു ദിവസം അവിടെതന്നെ താമസിച്ചു. അടുത്ത ദിവസം മദീനയിലേക്കുള്ള യാത്രയാരംഭിച്ചു.

ഹദ്റത്ത് ഉസാമ(റ)മദീനയിൽ ഒരു സുവാർത്തകനെ അയച്ചിരുന്നു. ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങളിൽ ആരുംതന്നെ ശഹീദായില്ല. വിജയശ്രീലാളിതരായ ഈ സൈന്യം മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അൻസ്വാറുകളെയും മുഹാജിറുകളെയും കൂട്ടി മദീനക്കു പുറത്തിറങ്ങിക്കൊണ്ട് അവർക്ക് നല്ല സ്വീകരണം നൽകി. ഹദ്റത്ത് ബുറയ്ദ(റ) പതാക പാറിച്ചുകൊണ്ട് സൈന്യത്തിന്റെ മുമ്പേ മുമ്പേ നടക്കുകയായിരുന്നു. മദീനയിൽ പ്രവേശിച്ച സൈന്യം മസ്ജിദുന്നബ്‌വിവരെ പോയി. ഹദ്റത്ത് ഉസാമ(റ) രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കുകയും വീട്ടിൽപോകുകയും ചെയ്തു.

വിവിധ നിവേദനങ്ങളനുസരിച്ച് ഈ സൈന്യം 40 മുതൽ 70 ദിവസംവരെ വെളിയിൽ താമസിച്ചതിനുശേഷമാണ് മദീനായിലെത്തിയത്. ഉസാമായുടെസൈന്യത്തെ അയപ്പിച്ചത് മുസ്‌ലിമീങ്ങൾക്ക് വളരെ നേട്ടമാണുണ്ടാക്കിയത്. കാരണം അറേബ്യൻജനത പറയാൻ തുടങ്ങി, മുസ്‌ലിമീങ്ങളിൽ ശക്തിയും കഴിവുമില്ലായിരുന്നെങ്കിൽ ഒരിക്കലും അവർ ഈ സൈന്യത്തെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

അയക്കുമായിരുന്നില്ല. അങ്ങനെ നിഷേധികൾ മുസ്‌ലിംകൾക്കെതിരെ ആസൂത്രണം ചെയ്തിരുന്ന പല പദ്ധതികളും ഉപേക്ഷിച്ചു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 2, പേജ് 145–147, സരിയ്യത്ത് ഉസാമാ ബിൻ സയ്ദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 291–294, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2002)(അൽകാമിലുഫിത്താരീഖ്, വാള്യം 2, പേജ് 199–200,ജയ്ശെ ഉസാമ ബിൻ സയ്ദ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2006)(മുഅ്ജമുൽബുൽദാൻ, വാള്യം 1, പേജ് 579, 'അൽബൽഖാഅ്' വാള്യം 2, പേജ് 483, 'അദ്ദാറൂം' വാള്യം 2, പേജ് 149, 'അൽജുർഫ്'പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അല്ലാഹുവിന്റെ കൃപയും അവന്റെ സഹായവും കൊണ്ട് നബി(സ)തിരുമേനിയുടെ വാക്കുകളെ ഹദ്റത്ത് ഉസാമ(റ) പൂർണമായും അന്വർഥമാക്കി കാണിച്ചു. ഏർപാടുകളുടേയും സംവിധാനങ്ങളുടേയും അടിസ്ഥാനത്തിലും യുദ്ധം ചെയ്യുന്നതിലും അങ്ങേയറ്റം വിജയത്തിന്റേയും അതിജയത്തിന്റേയും അടിസ്ഥാനത്തിലും ഈ യുദ്ധനടപടി ഉന്നതമാക്കി സ്ഥാപിച്ചു. ഇദ്ദേഹം ഉത്തമനായ നേതാവാണെന്ന് അവിടന്ന് പറയുകയുണ്ടായി. അല്ലാഹുവിന്റെ ഫള്ലും നബി(സ)തിരുമേനിയുടേയും കാലത്തിന്റെ ഖലീഫയുടെ ദുആകളുടെ സ്വീകാര്യതയും ബർക്കത്തുംകൊണ്ട് ഹദ്റത്ത് ഉസാമയും തന്റെ ശഹീദായ പിതാവിനെപ്പോലെ നേതൃത്വത്തിന് അർഹനാണെന്ന് മാത്രമല്ല പ്രത്യുത ആ പ്രത്യേകമാക്കപ്പെട്ടതും സവിശേഷവുമായ ഗുണത്തിലും ഒരു ഉന്നത സ്ഥാനം ഉൾക്കൊള്ളുന്നുവെന്ന് സ്ഥാപിച്ചുകാണിച്ചു. കാലത്തിന്റെ ഖലീഫയുടെ ദൃഢനിശ്ചയവും ധൈര്യവും ഉദാത്തമായ സാമർഥ്യവും തന്നെയായിരുന്നു പലവിധ ആന്തരികവും ബാഹ്യവുമായ അപകടങ്ങളും ആക്ഷേപങ്ങളും ഉണ്ടായിട്ടും ഈ സൈന്യത്തെ അയച്ചത്. പിന്നീട് അല്ലാഹു വിജയം നല്കി, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം എല്ലാ ബർക്കത്തുകളും ഖിലാഫത്തിന്റെ അനുസരണത്തിൽ മാത്രമാണെന്നുള്ള ആദ്യത്തെ പാഠം മുസ്‌ലിമീങ്ങളെ പഠിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സിർറുൽ ഖിലാഫയിൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്.(സിർറുൽ ഖിലാഫ, റൂഹാനീ ഖസാഇൻ വാള്യം 8 പേജ് 394, അടിക്കുറിപ്പ്)

അല്ലാഹു നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പ്രിയപ്പെട്ടവരായിരുന്ന ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെയും അദ്ദേഹത്തിന്റെ മകൻ ഉസാമാ ബിൻ സയ്ദിന്റെയുംമേൽ ആയിരമായിരം അനുഗ്രഹങ്ങളും കാരുണ്യങ്ങളും വർഷിക്കുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ സിദ്ദീഖ് ആദം ഡുംബിയ(Dumbia) സാഹിബിന്റേതാണ്. ഇദ്ദേഹം ഐ വറികോസ്റ്റിലെ മുബല്ലിഗായിരുന്നു. കുറച്ചുകാലമായി സുഖമില്ലാതിരിക്കുകയായിരുന്നു. കഴിഞ്ഞവർഷം പ്രൊസ്റ്റേറ്റി(Prostate)ന്റെ ഓപ്റേഷനും നടന്നിരുന്നു. വൃക്കകൾക്കും തകരാറുണ്ടായിരുന്നു. ഡയാലിസിസും(Dialysis) ചെയ്തുകൊണ്ടിരുന്നു. കുറെക്കാലമായി ചികിത്സാർഥം ആബിദ്ജാനി(Abidjan)ൽ താമസിക്കുകയായിരുന്നു. കഴിഞ്ഞ ദിവസം രോഗം കൂടിയപ്പോൾ മിലിട്ടറി ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ജൂൺ 14 ന് അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ*

സിദ്ദീഖ് ആദം സാഹിബ് 1950–ൽ ഐവറികോസ്റ്റിലെ ഒരു ഗ്രാമമായ ലോസങ്കേയിൽ ജനിച്ചു. 1977 നടുത്ത് അഹ്മദിയ്യത്തു സ്വീകരിച്ചു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്കു പു റമെ ഏഴു പുത്രിമാരും രണ്ടു പുത്രന്മാരുമുണ്ട്. 1981–ൽ ജീവിതം വഖ്ഫു ചെയ്തതിനുശേഷം വിദ്യാഭ്യാസത്തിനായി അദ്ദേഹം തന്റെ രണ്ടു കൂട്ടുകാരോടൊപ്പം പാക്കിസ്താനിൽ നടന്നു പോകാൻ തുടങ്ങി. ഏകദേശം ഒരുവർഷംവരെ യാത്രാക്ലേശങ്ങൾ സഹിച്ചതിനുശേഷം 1982–ൽ റബ്വയിലെത്തി. ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസം തുടങ്ങി. ജാമിഅ അഹ്മദിയ്യായിലെ വിദ്യാഭ്യാസത്തിനുശേഷം 1985–86 ൽ അദ്ദേഹം ഐവറികോസ്റ്റിൽ തിരിച്ചുപോയി. പിന്നീട് മരണംവരെ തുടർച്ചയായി 30 വർഷത്തിലേറെക്കാലം പശ്ചിമാഫ്രിക്കയിലെ വിവിധ സ്ഥലങ്ങളിൽ മുബല്ലിഗായി സേവനം ചെയ്യാൻ ഭാഗ്യം കിട്ടി.

അദ്ദേഹം പാക്കിസ്താനിലേക്ക് ചെയ്ത യാത്ര ഏതാണ്ടിങ്ങനെയാണ്. പറയുന്നു, 1977ൽ ഖലീഫത്തുൽ ഥാലിഥ്(റഹ്) ഘാന പര്യടനം നടത്തിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സിയാറത്ത് അദ്ദേഹത്തിന്റെ ആത്മാവിൽ മുഖച്ഛായ മാറും വിധമുള്ള ഒരു മാറ്റമുണ്ടാക്കി. ഐവറികോസ്റ്റിലെത്തി പാസ്പോർട്ട് ഉണ്ടാക്കി. പിന്നീട് അദ്ദേഹം പറയുന്നു: ഖലീഫത്തുൽ മസീഹിനെ സിയാറത്തു ചെയ്യുന്നതിന് തന്റെ ഒരു സുഹൃത്തിനോടൊപ്പം പാക്കിസ്താൻ യാത്രയ്ക്ക് ശ്രമിക്കാൻ തുടങ്ങി. ഇതിന്നിടയിൽ മാലിയിലെ ഒരു യുവാവ് ഉമർ മആദ് സാഹിബ് അദ്ദേഹം ഇപ്പോൾ അവിടെ നമ്മുടെ മുബല്ലിഗാണ്, മസ്ജിദ് ആബിജാനിൽ വന്നു. തന്റെ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നീട് കുറച്ചുദിവസം കഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നഗരം കാണുന്നതിനും ഹദ്റത്ത് ഖലീഫത്തുൽ മസീഹുമായി കൂടിക്കാണാനുള്ള അതിയായ ആഗ്രഹവും പ്രകടിപ്പിച്ചു. അങ്ങനെ അവർ മൂന്നുപേരും പാക്കിസ്താൻ യാത്ര ചെയ്യാൻ തീരുമാനിച്ചു. 1981 ആഗസ്റ്റ് 20 ന് അവർ തങ്ങളുടെ യാത്രയ്ക്ക് തുടക്കം കുറിച്ചു. ഐവറികോസ്റ്റിൽനിന്ന് പുറപ്പെട്ട് യാത്രയുടെ ആദ്യ ഘട്ടത്തിൽ ഘാനയിലെത്തി. അവിടെ അമീറും മിഷണറി ഇൻചാർജുമായിരുന്ന വഹ്ഹാബ് ആദം സാഹിബിനെ കണ്ടു. ദുആയ്ക്കുശേഷം ഇവർ ടോഗോയിൽനിന്ന് ബനിൻ മറുകര കടന്ന് നൈജീരിയായുടെ നഗരമായി ലാഗോസി(Lagos)ലെത്തി. അവിടെ മിഷനിൽ താമസത്തിനുശേഷം കാമറോണിലേക്ക് പോയി. നൈജീരിയ ഇൻചാർജ് മിഷണറിയും തന്റെ ദുആകളോടൊപ്പം അവരെ യാത്രയാക്കി. സാമ്പത്തികമായി കുറച്ചു സഹായിക്കുകയും ചെയ്തു. പിന്നീട് കാമറോണിലൂടെ യാത്രചെയ്ത് ചാഡിൽ പ്രവേശിച്ചു. ചാഡിൽ അവർക്ക് തടവറയിലെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. പക്ഷേ, ക്ഷമയോടും സഹനത്തോടുംകൂടി തങ്ങളുടെ യാത്ര തുടങ്ങി. ചാഡിൽനിന്ന് മുന്നോട്ടു യാത്ര ചെയ്യുക എന്നത് ഏകദേശം അസംഭാവ്യമായിരുന്നു. പക്ഷേ, അല്ലാഹു ഒരു സ്വപ്നം മുഖേന അവർക്ക് മാർഗദർശനം നല്കി; പട്ടാളത്തിൽ ചേരുക. അങ്ങനെ അവർ ലിബിയായിലെ പട്ടാളത്തിൽ ചേരാൻ ശ്രമിച്ചു. ആ അവസരത്തിൽ അല്ലാഹു അദൃശ്യമായി സഹായിച്ചു. അസംഭാവ്യമായതിനെ സംഭാവ്യമാക്കിത്തീർത്തു. ലിബിയൻ സർക്കാർ അവരെല്ലാവരേയും രാജ്യത്തുനിന്ന് പുറത്താക്കിയ ഒരു സന്ദർഭവുമുണ്ടായി. പക്ഷേ, എല്ലാ കാരണത്തിന്റേയും മൂലകാരണമായ അല്ലാഹു രാജ്യത്തുനിന്ന് പുറത്താക്കുക എന്ന കല്പനപത്രിക ക്യാൻസലായി എന്നുമാത്രമല്ല ലിബിയൻ സൈന്യത്തിൽ സന്നദ്ധസേവകരായി ചേർന്ന് ലബ്നാനിൽ ഏകദേശം 8 മാസം അതിർത്തി സംരക്ഷിക്കുന്ന ഉത്തരവാദിത്വവും നിറവേറ്റി. യുദ്ധം അവസാനിച്ചപ്പോൾ അവർ തങ്ങളുടെ ഇൻചാർജിനോടു പാക്കിസ്താനിൽ പോകണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. കുറച്ചു കാലം കൂടുതൽ തങ്ങളുടെ അടുത്തുതന്നെ താമസിക്കാൻ അദ്ദേഹം പറഞ്ഞു. അതിനുശേഷം ഇന്റർനാഷണൽ പാസ്പോർട്ടെടുത്ത് നിങ്ങളെ അമേരിക്കയിൽ അയക്കുന്നതാണ്. നിങ്ങൾ പാക്കിസ്താനിൽ പോകുന്നതിനുപകരം അമേരിക്കയിൽ പോകുക. അവർ നന്ദിയോടുകൂടി ഈ അഭ്യർഥന സ്വീകരിക്കുന്നതിൽനിന്ന് ഖേദം പ്രകടിപ്പിച്ചു. തങ്ങൾ വിദ്യാഭ്യാസത്തിനുവേണ്ടി പാക്കിസ്താൻ പോകാനാഗ്രഹിക്കുകയാണെന്ന് പറഞ്ഞു. പാക്കിസ്താൻ എമ്പസി വിസകൊടുക്കാൻ തയ്യാറായില്ല. പക്ഷേ, അല്ലാഹു അവരുടെ ഇൻചാർജുമുഖേന കറാച്ചിവരെയുള്ള എയർടിക്കറ്റ് ലഭ്യമാക്കി. അദ്ദേഹം അവരുടെ പട്ടാളത്തിലെ ഇൻചാർജായിരുന്നു. അങ്ങനെ പാക്കിസ്താനിൽ പോകുന്നതിന് 1982 നവംബർ 27 ന് ഇവർ എയർപോർട്ടിലെത്തി. ദൈവസഹായത്തിന്റെ ദൃശ്യം വീണ്ടും കാണാൻ അവസരം കിട്ടി. ഇൻചാർജ് അവരെ ഒരു പോലീസുകാരന് പരിചയപ്പെടുത്തിക്കൊടുത്തു; ഇവർ ഇസ്‌ലാമിക വിദ്യാഭ്യാസത്തിന് പാക്കിസ്താനിൽ പോകാൻ ആഗ്രഹിക്കുന്നവരാണ്; അവരെ എല്ലാവിധത്തിലും സഹായിക്കാൻ അപേക്ഷിക്കുകയാണ്. പോലീസുകാരൻ അവരെ കണക്കറ്റ് സഹായിച്ചു. രാത്രിയിൽ വിമാനം ഡമാസ്കസിൽനിന്ന് പുറപ്പെട്ട് രാവിലെ കറാച്ചി എയർപ്പോർട്ടിലെത്തി. ഇപ്പോൾ അവർ കറാച്ചിയിലെന്തായാലും എത്തി. പക്ഷേ, വിസയുടെ ബുദ്ധിമുട്ടുണ്ടായിരുന്നു. ദുആ ചെയ്തിനുശേഷം വീണ്ടും പോലീസ് അധികൃതരുടെ മുമ്പിൽ പാസ്പോർട്ട് വെച്ചു. ചോദ്യോത്തരങ്ങളുണ്ടായി. വിദ്യാഭ്യാസത്തിനാണ് പാക്കിസ്താനിൽ വന്നതെന്ന തങ്ങളുടെ ഉദ്ദേശ്യം പറഞ്ഞു. പോലീസ് അധികാരികൾ

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

സീലുവച്ച് പാസ്പോർട്ടിൽ ഒപ്പിട്ടു. എവിടെയാണ് പോകേണ്ടതെന്ന് പിന്നീട് അവർ ചോദിച്ചു. റബ്‌വയിൽ പോകണമെന്ന് അവർ പറഞ്ഞു. നിങ്ങൾ ഖാദിയാനി ആണോ എന്ന് അവർ ചോദിച്ചു. നെഗറ്റീവായിട്ടുള്ള എന്തെങ്കിലും കാര്യം ചിന്തിച്ച് അയാൾ തന്റെ തീരുമാനം മാറ്റുമോ എന്ന ശങ്കക്കിടയിൽ അദ്ദേഹത്തിന്റെ സുഹൃത്ത് ചോദിച്ചു, ഖാദിയാനിയാണെങ്കിലെന്താണ്, പഠിക്കാൻ പോകുന്നതിന് വിട്ടേക്കുക.

റബ്‌വയിൽ എത്തുന്നതിനും ഖലീഫത്തുൽ മസീഹിനെ കാണുന്നതിനും അവർക്ക് എത്ര താൽപര്യമായിരുന്നുവെന്നാൽ വലിയ വികാരങ്ങൾക്ക് അടിപ്പെട്ടിരുന്നു. ഇവിടെ കറാച്ചിയിൽ ജമാഅത്തുണ്ടോ ഉണ്ടെങ്കിൽ എവിടെയാണ്, അല്ലെങ്കിൽ ഏതെങ്കിലും അഹ്മദിയുണ്ടോ എന്നൊന്നും ചോദിക്കാനുള്ള വിചാരംപോലും അവർക്ക് അപ്പോൾ ഉണ്ടായിരുന്നില്ല. ജമാഅത്തുമായി ബന്ധപ്പെടുന്നതിനു പകരം നേരെ റയിൽവെ സ്റ്റേഷനിലേക്കാണ് അവർ പോയത്. അവിടന്ന് റബ്‌വയിലേക്ക് ടിക്കറ്റ് ചോദിച്ചു. അവിടേയും ടിക്കറ്റു നല്കുന്നയാൾ അത്യാഗ്രഹിയായിരുന്നു. അഹ്മദികൾക്ക് തങ്ങൾ ടിക്കറ്റ് നല്കാറില്ലെന്ന് അയാൾ പറഞ്ഞു. രണ്ടുമണിക്കൂർ വാദപ്രതിവാദത്തിനുശേഷം അവസാനം ഇരട്ടി പൈസവാങ്ങിയാണ് ടിക്കറ്റു തന്നത്. അതും ലോക്കൽ ടിക്കറ്റ്. പാസഞ്ചർ ട്രൈനും. 24 മണിക്കൂർകൊണ്ടാണ് കറാച്ചിയിൽനിന്ന് അത് റബ്‌വയിലെത്തിയത്. അവർക്ക് ഖലീഫത്തുൽ മസീഹിനെ കാണാനുള്ള വെമ്പലായിരുന്നു. വളരെ കഠിനമായ യാത്രയ്ക്കുശേഷം റബ്‌വയിലെത്തി. റബ്‌വയിലെത്തി ദാറുള്ളിയാഫത്തിലേക്ക് പോയി. എന്താണ് ഉണ്ടായിക്കഴിഞ്ഞതെന്നൊന്നും അവർക്കറിയില്ലായിരുന്നു. ആളുകളുടെ നാവിൽ ആവർത്തിച്ചാവർത്തിച്ച് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ വാക്കുകൾകേട്ട് അവർക്ക് അസ്വസ്ഥതയുണ്ടായി. പിന്നീട് ബന്ധപ്പെട്ടപ്പോഴാണ് മനസ്സിലായത് ഖലീഫത്തുൽ മസീഹ് ഥാലിഥ് വഫാത്തായെന്ന്; ഇപ്പോൾ ഖിലാഫത്ത് സ്ഥാനത്ത് ഖലീഫത്തുൽമസീഹ് റാബിആണെന്നും. 1982 ലാണ് അദ്ദേഹം വഫാത്തായത്. അങ്ങനെ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം വാങ്ങി. ജാമിആയിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ച് ഐവറികോസ്റ്റിൽ പോയി. അവിടെനിന്ന് ജമാഅത്തുമുഖേന വിവിധ രാജ്യങ്ങളിലേക്ക് അദ്ദേഹത്തിന്റെ പോസ്റ്റിംഗുണ്ടായി. 87 മുതൽ 91 വരെ ഐവറികോസ്റ്റിൽ, 91–92 നൈജീരിയ. 92–94 ബെനിൻ, 94–96 ടോഗോ, 96 മുതൽ വഫാത്തുവരെ വീണ്ടും ഐവറികോസ്റ്റിൽ.

ബാസിത് സാഹിബ് ഐവറികോസ്റ്റ് എഴുതുന്നു: സിദ്ദീഖ് ആദം സാഹിബ് ഖിലാഫത്തിന്റെ സത്യസന്ധനായ പ്രേമിയും ജമാഅത്തിന്റെ ആത്മാർഥനായ സേവകനുമായിരുന്നു. ദീർഘനാൾ അദ്ദേഹത്തോടൊപ്പം ജോലി ചെയ്യാനുള്ള അവസരം കിട്ടി. ദുആ ചെയ്യുന്നയാളും തഹജ്ജുദ് നമസ്കരിക്കുന്നയാളും സ്വപ്നങ്ങളുണ്ടാകുന്ന വ്യക്തിയുമായിരുന്നു. നല്ല കഴിവുണ്ടായിരുന്നു. പരിചയമുള്ള മിക്കവർക്കും അവരുടെ സ്വപ്നത്തിന്റെ വ്യാഖ്യാനം പറഞ്ഞുകൊടുക്കുമായിരുന്നു. കൃത്യമായി തന്റെ മാസാന്ത റിപ്പോർട്ട് ഇവിടെ കേന്ദ്രത്തിലും അയക്കുമായിരുന്നു. എനിക്കും കത്തെഴുതുമായിരുന്നു. ദുആയ്ക്കുള്ള കത്തുകളും എഴുതുമായിരുന്നു. ഉർദുഭാഷയിൽ കത്തകളെഴുതാറുണ്ടായിരുന്നു. ഇത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. വളരെ നല്ലയാളും കൃത്യനിഷ്ഠ പാലിക്കണമെന്ന ബോധമുള്ള ദേഹവുമായിരുന്നു. ചുമതലാബോധമുണ്ടായിരുന്നു. എപ്പോഴും കൃത്യനിഷ്ഠ പാലിക്കുമായിരുന്നു. ഏതു ജോലി ഏല്പിച്ചാലും സമയത്തിനുള്ളിൽ തീർക്കാൻ ശ്രമിക്കുകമായിരുന്നു. ദീർഘമായി യാത്ര ചെയ്യുന്നതിൽ ഒരു പരിഭ്രമവും ഉണ്ടായിരുന്നില്ല. വളരെ ഹൃദയഹാരിയായ നിലയിൽ തബ്ലീഗ് ചെയ്യുമായിരുന്നു. ദജ്ജാലിന്റെ ഫിത്ന, അവന്റെ വെളിപ്പെടൽ, അവന്റെ അടയാളങ്ങൾ, വർത്തമാനകാലത്തെ തിന്മകൾ തുടങ്ങിയവ വിവരിച്ച് ഇമാം മഹ്ദിയുടെ ആഗമനത്തെ കുറിച്ച് പറയുമായിരുന്നു. കേൾക്കുന്നയാൾക്ക് അദ്ദേഹത്തിന്റെ അവതരണ ശൈലിയെ പ്രകീർത്തിക്കാതിരിക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹം എഴുതിയിരിക്കുന്നു, മിക്കപ്പോഴും തബ്ലീഗിൽ വിജയമുണ്ടാകുമായിരുന്നു. നോർത്ത് റീജ്യണിൽ അദ്ദേഹത്തിന്റെ തബ്ലീഗ് പര്യടനത്തിന്റെ ഫലമായി അല്ലാഹു ആയിരക്കണക്കിന് ഫലം പ്രദാനം ചെയ്തിട്ടുണ്ട്. തന്റെ പാക്കിസ്താൻ യാത്രയെ കുറിച്ചും അല്ലാഹുവിന്റെ കൃപകളെ കുറിച്ചും ഒരുപാട് പറയാറുണ്ടായിരുന്നു. അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യം എന്ന നിലയിൽ അവതരിപ്പിക്കുമായിരുന്നു. എപ്രകാരമാണ് ദൂരദൂര സ്ഥലങ്ങളിലും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 'സുൽത്വാനെ നസ്വീർ'മാരെ നല്കിയിരിക്കുന്നത്. അവർ ഈ വഴിയിൽ ത്യാഗങ്ങൾ അർപിക്കാൻ തയ്യാറായി നില്ക്കുന്നു. പിന്നീട് അല്ലാഹു അവരെ അനുഗ്രഹിക്കുകയും തന്റെ പ്രിയപ്പെട്ട മഹ്ദിയെ സഹായിക്കുകയും ചെയ്യുന്നു. പരേതന്റെ അവതരണ ശൈലി അവിടുത്തെ 'ജോലാഭാഷ' സംസാരിക്കുന്നവർക്ക് പ്രത്യേകം ആകർഷണമാകാറുണ്ട്. റേഡിയോവിലൂടെ തൽസമയ പരിപാടികളും അവതരിപ്പിക്കാറുണ്ടായിരുന്നു. ഉന്നത നിലയിലുള്ള പരിപാടികളായിരുന്നു അദ്ദേഹത്തിന്റേത്. ശ്രോതാക്കൾ വളരെ ഇഷ്ടപ്പെട്ടിരുന്നു.

അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഒക്കാഡ ജില്ലയിലെ മീറക് എന്ന സ്ഥലത്തെ മിയാൻ ഗുലാം മുസ്തഫാ സാഹിബിന്റേതാണ് അടുത്ത ജനാസ. അദ്ദേഹം 2019 ജൂൺ 24 ന് 83–ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

പരേതൻ ജന്മനാ അഹ്മദിയായിരുന്നു. ഇബാദത്തിനോടു പ്രത്യേക താൽപര്യമായിരുന്നു. ജമാഅത്തായി നമസ്കരിക്കുന്നയാളും തഹജ്ജുദ് നമസ്കരിക്കുന്ന വ്യക്തിയും ആയിരുന്നു. തന്റെ മസ്ജിദിൽ സുബ്ഹി ബാങ്ക് കൊടുക്കാറുണ്ടായിരുന്നു. മുഴുവൻ കുടുംബത്തേയും സുബ്ഹി നമസ്ക്കാരത്തിന് ഉണർത്തുമായിരുന്നു. അവസാന കാലംവരെ നോമ്പു പിടിക്കാൻ അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നല്കി. തബ്ലീഗ് ചെയ്യാൻ അതിയായ താൽപര്യമായിരുന്നു. കണ്ടുമുട്ടുന്ന ഓരോരുത്തർക്കും ജമാഅത്തിന്റെ സന്ദേശം ഏതെങ്കിലും രീതിയിൽ എത്തിക്കുമായിരുന്നു. അങ്ങേയറ്റം സൗമ്യനും വളരെ സാത്വികനും ആത്മാർഥനുമായിരുന്നു. ഖിലാഫത്തിനോടു അതിയായ ബന്ധമുണ്ടായിരുന്നു. ജുമുഅ ഖുത്ബകൾ പതിവായി കേൾക്കുമായിരുന്നു. കുട്ടികളേയും അത് കേൾക്കാൻ ഉപദേശിക്കുമായിരുന്നു. കേന്ദ്രത്തിൽനിന്ന് വരുന്നവരെ സേവിക്കുകയും ധനത്യാഗത്തിൽ എപ്പോഴും മുൻപന്തിയിൽ നില്ക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന് 'ഥർപാക്കറിൽ'ദാഹിക്കുന്നവർക്ക് വെള്ളം കുടിക്കാൻ കിണർ കുഴിച്ചുകൊടുക്കാനും തൗഫീഖ് കിട്ടി. വസിയ്യത്തിന്റെ കണക്കുകൾ തന്റെ ജിവിതകാലത്തു തന്നെ പൂർണമായും നിറവേറ്റി. കുറച്ചു വർഷം മുമ്പേ തന്റെ വീടും ജമാഅത്തിനു നല്കാൻ തൗഫീഖ് കിട്ടി. സ്വയം മസ്ജിദിൽ ഒരു ചെറിയ മുറിയിൽ താമസിക്കാൻ തുടങ്ങി. ഈ വീട് മുറബ്ബിഹൗസ് എന്ന പേരിൽ ഉപയോഗിച്ചു വരുന്നു. പരേതൻ മുസ്വിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ 5 പുത്രിമാരും മൂന്ന് പുത്രന്മാരുമുണ്ട്. അദ്ദേഹം ജമാഅത്തിന്റെ മുറബ്ബി ഗുലാം മുർത്തളാ സാഹിബിന്റെ പിതാവായിരുന്നു. അദ്ദേഹം ഇപ്പോൾ കർമരംഗത്ത് സജീവമാണ്. പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇതിനുമുമ്പേ തന്റെ മാതാവിന്റെ ജനാസയിലും പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. വളരെ ക്ഷമയോടെ ഗുലാം മുർത്തളാ സാഹിബ് രണ്ടു ദുഃഖവും സഹിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ ക്ഷമയും സഹനവും വർധിപ്പിക്കുമാറാകട്ടെ. തന്റെ വഖ്ഫ് നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

അദ്ദേഹത്തിന്റെ ഒരു പൗത്രൻ ഖാസിം മുസ്ത്വഫാ സാഹിബും ഒരു ദൗഹിത്രൻ മുഹമ്മദ് സഫീറുദ്ദീൻ സാഹിബും മുറബ്ബിമാരാണ്. ഇപ്രകാരം തന്നെ ഒരു പൗത്രൻ ബിലാൽ അഹ്മദ് വഖ്ഫെ നൗ ആണ്. ഈ വർഷം പഠനം പൂർത്തിയാക്കി ഡോക്ടറായി കർമരംഗത്തേക്ക് പോകുകയാണ്. അല്ലാഹു പരേതനോടു കരുണയോടും മഗ്ഫിറത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. ഗുലാം മുർത്തളാ സാഹിബ് മുറബ്ബി അന്യദേശത്ത് സന്ദേശമെത്തിക്കുന്നതിൽ വ്യാപൃതനാണ്. ഇക്കാരണത്താൽ ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. ക്ഷമയോടും സഹനത്തോടും കൂടി ദുഃഖം സഹിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. ജുമുഅയ്ക്കുശേഷം ഇൻശാ അല്ലാഹ് ഇരുവരുടേയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

★★★

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജപ്പാൻ സന്ദർശനം
## നവംമ്പർ 2015

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(കഴിഞ്ഞ ലക്കം തുടർച്ച..)**

ഒരു അവസരത്തിൽ അവിടന്ന് ജപ്പാൻകാർക്കുവേണ്ടി ഇസ്‌ലാമിനെ കുറിച്ച് ലേഖനം എഴുതുന്നത് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞു: *'ഈ ലേഖനം വായിച്ചു കേൾപിക്കുന്നതിന് മൗലവി അബ്ദുൽകരീം സാഹിബ് പോകുകയാണെങ്കിൽ വളരെ നല്ലതായിരിക്കും. അദ്ദേഹത്തിന്റെ ശബ്ദം ആദരയുക്തമായ ഭയമുണ്ടാക്കുന്നതും ദൃഢഗാഢവുമാണ്.'* (മൽഫൂദാത്ത് വാല്യം 2 പേജ് 234–235)

വീണ്ടും അവിടന്ന് പറഞ്ഞു: *'ജപ്പാൻകാർക്ക് ഇസ്‌ലാമിലേക്ക് ശ്രദ്ധയുണ്ടായിട്ടുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഇസ്‌ലാമിന്റെ യാഥാർഥ്യം പൂർണമായ നിലയിൽ പ്രതിപാദിക്കുന്ന എല്ലാ കാര്യങ്ങളും അടങ്ങിയ ഒരു ഗ്രന്ഥം ഉണ്ടാകേണ്ടതാണ്.'* (മൽഫൂദാത്ത് വാല്യം 4 പേജ് 371, ബദ്ർ വാല്യം 1, ലക്കം 26, പേജ് 4, 29–9–1905)

വീണ്ടും അവിടന്ന് പറഞ്ഞു: *'അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ആ രാജ്യത്ത് ഇസ്‌ലാമിന്റെ അന്വേഷകരെ സൃഷ്ടിക്കുന്നതാണ്. അവർ സ്വയം നമ്മളിലേക്ക് ശ്രദ്ധിക്കുന്നതായിരിക്കും.'*

ജപ്പാൻകാരെ കുറിച്ച് സംസാരമുണ്ടായപ്പോൾ ഒരിക്കൽ അവിടന്ന് പറഞ്ഞു: *"നമുക്ക് അല്ലാഹുവിന്റെ കല്പനയുണ്ടെങ്കിൽ ഭാഷയൊന്നും പഠിക്കാതെ ഇന്നുതന്നെ പുറപ്പെടുമായിരുന്നു. അത്തരം കാര്യങ്ങളിൽ ആരുടെയെങ്കിലും അഭിപ്രായം കേട്ട് നടക്കാൻ നമ്മെകൊണ്ട് ആവില്ല. അല്ലാഹുവിന്റെ ഇച്ഛയ്ക്ക് ഒപ്പത്തിനൊപ്പം നടക്കുകയാണ് നമ്മുടെ ജോലി."* (മൽഫൂദാത്ത് വാല്യം 4 പേജ് 297–299,ബദ്ർ വാല്യം 1, ലക്കം 26, പേജ് 13, 29–6–1905)

അതിനുശേഷം അസീസം മുസവ്വിർ അഹ്മദ് 'രണ്ടാം ലോക മഹായുദ്ധത്തിലെ പരാജയത്തിനുശേഷം ഹദ്റത്ത് ചൗദ്ദരി സർ മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ)ന്റെ പങ്കി'നെ കുറിച്ചുള്ള ഒരു ലേഖനം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: രണ്ടാം ലോക മഹായുദ്ധം പരാജയപ്പെട്ടതിനുശേഷം 1951–ൽ അമേരിക്കയിലെ നഗരമായ സാൻഫ്രാൻസിസ്കോയിൽ ഒരു അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കപ്പെട്ടു. ഇതിൽ ജപ്പാന്റെ ഭാവിയെ കുറിച്ച് തീരുമാനം എടുക്കപ്പെട്ടു. ആ അവസരത്തിൽ ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ സാഹിബ് തന്റെ രാജ്യമായ പാക്കിസ്താന്റെ ഭാഗത്തുനിന്ന് ജപ്പാൻ അടച്ചുതീർക്കാനുള്ള പിഴയും മാപ്പാക്കി. ചരിത്രപരമായ ഒരു പ്രസംഗം അദ്ദേഹം ചെയ്തു. അദ്ദേഹത്തിന്റെ ഈ പ്രസംഗത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ടോക്കിയോവിലെ പാക്കിസ്താൻ മുൻ അമ്പാസിഡർ എഴുതുന്നു: 'പാകിസ്താനു നേതൃത്വം വഹിച്ച് സഫ്റുല്ലാഹ് ഖാൻ ആവേശഭരിതമായ വാക്കുകളിൽ ജപ്പാനുവേണ്ടി പ്രസംഗിച്ചു. അതിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ ഉടമ്പടിയുടെ ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് ഒരു വിജയിയുടെ പരാജയമടഞ്ഞവരോടുള്ള അനുകമ്പാപൂർവമായ പെരുമാറ്റത്തിന് അതുല്യമായ ഉദാഹരണം പറഞ്ഞു. വാക്ചാതുര്യത്തിന്റെ ആ മാതൃകയിൽനിന്ന് കുറച്ചു വാക്കുകൾ ഇവിടെ രേഖപ്പെടുത്തുകയാണ്. കാരണം ഇപ്പോൾ ഈ പ്രസംഗം ഏകദേശം ഇല്ലാതായിരിക്കുകയാണ്. സഫ്റുല്ലാഹ് ഖാൻ പറഞ്ഞു: "പരാജയപ്പെട്ടവരോടു വിജയി വലിയ ഉദാരതയുടെ വികാരങ്ങൾക്ക് വിധേയനായി ഇത്ര മഹത്തായ രീതിയിൽ പെരുമാറിയിട്ടുള്ളതും ദീർഘകാലംവരെ മുസ്‌ലിമീംകളിൽ പാരമ്പര്യമായി നിലനിന്നു വന്നതുമായ പ്രശോഭിതവും മഹത്തായതുമായ ചരിത്രത്തിന്–അത്തരം സാക്ഷ്യം ചരിത്രം അവതരിപ്പിച്ചിട്ടുണ്ടോ എന്ന് സംശയമാണ്–സുവ്യക്തമായ മക്ക വിജയമല്ലാതെ ഉദാഹരണമില്ല. ഇതുണ്ടായിട്ട് ഇപ്പോൾ 1300 വർഷം കഴിഞ്ഞു. എന്നാൽ, അതിന്റെ തിളക്കത്തിനും പ്രകാശത്തിനും ഇന്നുവരെ മങ്ങലേറ്റിട്ടില്ല. മക്ക ഉടമ്പടി 20 വർഷമായി രക്തദാഹിയായി കഴിഞ്ഞിരുന്ന ശത്രുക്കളെ പരസ്പരം മിത്രങ്ങളും സഹോദരങ്ങളുമാക്കിത്തീർത്തു. (ഇതിന്നെതിരിൽ)നമ്മളുമായി ചെയ്യപ്പെടുന്ന ഉടമ്പടിമുഖേന തിന്മകളുടേയും നാശങ്ങളുടേയും ഒരു പരമ്പര തന്നെയാണ് ഉണ്ടാകുന്നത്. ഇത്തരത്തിലുള്ള ഉടമ്പടിയുടെ വിത്താണ് വിതയ്ക്കപ്പെടുന്നത്.'(സഫീർ ഔർ സിഫാറത്തുകാരി–ഏക് ദൗർ കി കഹാനീ, ഡോക്ടർ സമീഉല്ലാബ് ഖുറയ്ശി, പാരാമൗണ്ട് പബ്ലീഷിംഗ് കറാച്ചി)

★ അതുകഴിഞ്ഞ് അസീസം സ്വുബൂർ അഹ്മദ് 'മൂന്നാം ലോക മഹായുദ്ധത്തിന്റെ അപകടങ്ങളും ജപ്പാൻ ജനതയുടെ ചുമതലകളും' എന്ന ശീർഷകത്തിൽ താഴെ കാണുന്ന വിഷയം അവതരിപ്പിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2006 മെയ് മാസത്തിൽ തന്റെ ജപ്പാൻ പര്യടനത്തിന്നിടയിൽ ടോക്കിയോവിലെ ബിൽട്ടൺ ഹോട്ടലിൽ സംഘടിപ്പിച്ച ഒരു സ്വീകരണ പരിപാടിയിൽ പ്രസംഗിച്ചുകൊണ്ട് പറഞ്ഞു: 'ജപ്പാൻ ജനത രണ്ടാംലോക മഹായുദ്ധത്തിന്റെ കെടുതികളെ നല്ലവണ്ണം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് മൂന്നാം ലോക മഹായുദ്ധത്തിന്റെ ദുരന്തങ്ങളെ വേണ്ടവിധം മനസ്സിലാക്കാൻ അവർക്കു കഴിയും. ഞാൻ ജപ്പാൻ ജനതയോടു പറയാനാഗ്രിഹിക്കുകയാണ്, നിങ്ങൾ മുമ്പിൽ വരിക, മൂന്നാം ലോക മഹാ യുദ്ധത്തിൽനിന്ന് ലോകത്തെ രക്ഷിക്കുന്നതിന് നിങ്ങളുടെ പങ്കു വഹിക്കുക."(ഇസ്തിഖ്ബാലിയ സെ ഖിത്വാബ്, 9–5–2009, ബിൽട്ടൺ ഹോട്ടൽ ടോക്കിയോ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദുഹുല്ലാഹ് സ്വീകരണയോഗത്തിൽ ജപ്പാൻജനതയേയും നേതാക്കന്മാരേയും ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'മറ്റു ജനതകളെ അപേക്ഷിച്ച് ലോകത്ത് സമാധാനത്തിന്റെ ആവശ്യകത നല്ല രീതയിൽ മനസ്സിലാക്കുന്നവരാണ് ജപ്പാൻ ജനതയും ജപ്പാൻ നേതാക്കന്മാരും. ആറ്റംബോംബിന്റെ ദുരന്തങ്ങളേയും അതിന്റെ ഫലമായുണ്ടായ ചോരപ്പുഴകളേയും കുറിച്ച് നല്ല അറിവ് ഉൾക്കൊള്ളുന്നവരാണ് നിങ്ങൾ. ആധുനികകാലത്തെ യുദ്ധത്തിന്റെ ഭയാനകമായ കെടുതികൾ നല്ലവണ്ണം നിങ്ങൾ മനസ്സിലാക്കുന്നു.'(ജപ്പാനിലെ രാഷ്ട്രീയക്കാരോടും ബുദ്ധിമതികളോടുമുള്ള പ്രസംഗം, 2013 നവംബർ 9, നാഗോയ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദുഹുല്ലാഹ് ജപ്പാനിലെ രാഷ്ട്രീയക്കാരേയും നേതാക്കന്മാരേയും ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'രണ്ടാം ലോക മഹായുദ്ധത്തിൽ ഏറ്റവും കൂടുതൽ ദുരന്തങ്ങൾക്കിരയായവരാണ് നിങ്ങൾ. ഇനി മൂന്നാം ലോക മഹായുദ്ധം തടയുന്നതിനുവേണ്ടി പ്രവർത്തിക്കുക. അല്ലാഹു നിങ്ങളെ സഹായിക്കുമാറാകട്ടെ. അഹ്മദികളായ ഞങ്ങൾ പ്രാർഥിക്കുകയാണ്; അല്ലാഹു ഈ മനോഹരമായ ലോകത്തെ നാശത്തിൽനിന്നു രക്ഷിക്കുമാറാകട്ടെ. ജനങ്ങൾക്ക് ബുദ്ധി നല്കുകയും അവർ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും ചെയ്യുമാറാകട്ടെ. ആമീൻ(ഇസ്തിഖ്ബാലിയ സെ ഖിത്വാബ്, 9–5–2009, ബിൽട്ടൺ ഹോട്ടൽ ടോക്കിയോ)

★ അതിനുശേഷം ഹദ്റത്ത് ഹാരിഥ് റയോ അഹ്മദ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു സമ്മേളനത്തിലേക്ക് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അയച്ചുകൊടുത്ത ഒരു ദുആ വായിച്ചു കേൾപ്പിച്ചു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ പരാജയത്തിനുശേഷം ജപ്പാൻ സമുഹത്തിൽ ഉണ്ടായ മാറ്റങ്ങളുടെ ഫലമായി അന്താരാഷ്ട്ര ബന്ധങ്ങളേയും മറ്റു മതങ്ങളേയും സമൂഹങ്ങളേയും മനസ്സിലാക്കുന്നതിനുള്ള ബോധപരമായ ശ്രമങ്ങൾ തുടങ്ങി. 1950 ന്റെ ദശകം മുതൽ ജപ്പാനിലെ വിവിധ നഗരങ്ങളിൽ മതപരമായ പരസ്പര ധാരണയെ കുറിച്ച് അന്താരാഷ്ട്ര ചർച്ചയ്ക്ക് തുടക്കം കുറിച്ചു. ഇപ്രകാരമുള്ള ഒരു പ്രാരംഭ കാല നടപടിയുടെ അവസരത്തിൽത്തന്നെ ജപ്പാനിൽ സംഘടിപ്പിക്കുന്ന മതസമ്മേളനങ്ങളും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹും തമ്മിലുള്ള ബന്ധത്തിന് തുടക്കമായി. 1952–ൽ അത്തരം ഒരു സമ്മേളനത്തിന്റെ ആതിഥേയർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സന്നിധയിൽ പ്രസ്തുത സമ്മേളനത്തിലേക്ക് സന്ദേശം ആവശ്യപ്പെട്ടു. ഹുദൂർ ആ ഘട്ടത്തിൽ ഈ പ്രാർഥന സന്ദേശം നല്കുകയുണ്ടായി.'അല്ലയോ ദൈവമേ! ഞങ്ങൾക്ക് നേരായ പാത കാണിച്ചുതന്നാലും; നിന്റെ ഇഷ്ടം കരസ്ഥമാക്കിയ നീ തിരഞ്ഞെടുത്ത ആളുകൾ നടന്ന പാത. ഞങ്ങളുടെ തീരുമാനങ്ങൾ പരിശുദ്ധമാക്കിയാലും. ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ പവിത്രമാക്കിയാലും. ഞങ്ങളുടെ ചിന്താഗതികൾ എല്ലാവിധ തിന്മകളിൽനിന്നും പരിശുദ്ധമാക്കിയാലും. ഞങ്ങളുടെ കർമങ്ങൾ എല്ലാവിധ വക്രതകളിൽനിന്നും പരിശുദ്ധമാക്കിയാലും. സത്യസന്ധതയ്ക്കും സത്യസാക്ഷ്യത്തിനും വേണ്ടി ഞങ്ങളെ ഞങ്ങളുടെ എല്ലാ ആഗ്രഹങ്ങളും താൽപര്യങ്ങളും ത്യാഗം ചെയ്യുന്നവരാക്കിയാലും. കാരുണ്യം കൂടിക്കലർന്ന നീതി ഞങ്ങളുടെ ഓഹരിയിൽ വരുത്തിയാലും. ഞങ്ങൾ നിന്റെ തന്നെ കൃപാതിരേകത്താൽ ലോകത്ത് സത്യമായ സമാധാനം സ്ഥാപിക്കുന്നവരായിത്തീരട്ടെ;നിന്റെ പ്രിയപ്പെട്ട ദാസന്മാർ ലോകത്ത് സമാധാനം സ്ഥാപിച്ചതുപോലെ. നിന്റെ വെറുപ്പുണ്ടാകുന്ന പ്രവൃത്തികളിൽനിന്ന് ഞങ്ങളെ കാത്തുസൂക്ഷിച്ചാലും. കർമപരമായ ആവേശത്താൽ അന്ധരായി നിന്നിൽനിന്ന് ഞങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്ന കടമകൾ മറന്നുപോകുകയും നിന്നിലേക്കു വരുന്ന വഴിയിൽനിന്ന് തെറ്റിപ്പോകുകയും ചെയ്യുന്നതിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും."(അൽഫള്ൽ ദിനപത്രം, 9–7–1952)

അവസാനം അസീസം നജീബുല്ലാഹ് ഇയാസ് ഹുദൂറിന്റെ ജപ്പാൻ ആഗമനത്തെ സംബന്ധിച്ച് എഴുതിയ ഒരു സംഘഗാനം അവതരിപ്പിച്ചു.

മർഹബൻ ഏ ശഹ് ഖാദിയാൻ മർഹബൻ
അർളെ ജപ്പാൻ ഹെ ശാദ്മാൻ മർഹബൻ

4.45 ന് ഈ ക്ലാസ് സമാപിച്ചു.

**(ബദ്ർ 17–12–2015)**

(പേജ് 2ൽനിന്ന്)

സസ്ഥലത്തു വന്ന് വിശ്രമിക്കാം. ബാസാറുകളിൽപോയി ചുറ്റിക്കറങ്ങാം. അതിനൊരു നിയന്ത്രണവുമില്ല. അതിനുശേഷം ദുൽഹജ്ജ് 8ന് മിനായിൽ (മക്കയിൽനിന്ന് കിഴക്കു ഭാഗത്തേക്ക് 3 മൈൽ അകലെ സ്ഥിതി ചെയ്യുന്ന വിശാലമായ മൈതാനം) പോകുക. അവിടെ ളുഹ്റും അസ്റും മഗ്രിബും ഇശായും നമസ്കരിക്കുക. ദുൽഹജ്ജ് 9 ന് സുബ്ഹി നമസ്കരിച്ച് മിനായിൽനിന്ന് അറഫാ മൈതാനത്തേക്ക് (മിനയിൽനിന്ന് 15 കിലോമീർ അകലെ സ്ഥിതിചെയ്യുന്ന മൈതാനം)പുറപ്പെടുക. ളുഹ്ർ മുതൽ മഗ്രിബുവരെ അറഫാ മൈതാനത്തു നിലകൊള്ളുക. അറഫയിൽവെച്ച് ളുഹ്ർ അസ്ർ എന്നീ നമസ്കാരങ്ങൾ ഒരു ബാങ്കും രണ്ട് ഇഖാമത്തുകളുമായിട്ട് ചുരുക്കിയും ചേർത്തുമാണ് ഹാജിമാർ നിർവഹിക്കുന്നത്. ഇതിന് ചരിത്രപ്രസിദ്ധമായ നംറ പള്ളിയിലാണ് സംഗമിക്കുന്നത്. നബി(സ)തിരുമേനിയുടെ ഹജ്ജ് വേളയിലെ ആവേശം വിതറുന്ന പ്രഭാഷണം ഈ പള്ളിയിൽവെച്ചായിരുന്നു. അറഫയിലെ മറ്റൊരു ആകർഷണ കേന്ദ്രമായ 'കാരുണ്യ ശിഖിരം' എന്ന ജബലുർറഹ്മ കുന്നിൽ സമയം കഴിച്ചുകൂട്ടാൻ പലരും തിടുക്കം കാണിക്കാറുണ്ട്. നബി(സ) അതിൽ കയറിനിന്ന് പ്രാർഥിച്ചിരുന്നു എന്നതാണ് അതിനു കാരണം. ദുൽഹജ്ജ് 9ന് അറഫാമൈതാനത്ത് നിലകൊള്ളുക എന്നത് ഹജ്ജിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാകുന്നു. ഏതെങ്കിലും കാരണത്താൽ അർഫാ മൈതാനത്ത് എത്താൻ കഴിഞ്ഞില്ലെങ്കിൽ ആ വർഷത്തെ ഹജ്ജ് നഷ്ടപ്പെട്ടു. അറഫാമൈതാനത്തിന്റെ അടുത്തുള്ള **"ഉറനഃ"** താഴ്വര ഒഴിച്ചുള്ള അറഫായുടെ മുഴുവൻ മൈതാനത്ത് എവിടേയും നിലകൊള്ളാവുന്നതാണ്. ളുഹ്ർ അസ്ർ നമസ്കാരം കഴിഞ്ഞ് ഹജ്ജു ചെയ്യുന്ന ആൾ തൽബിയായിലും തക്ബീറിലും ദൈവസ്മരണയിലും ഇസ്തിഗ്ഫാറിലും ദുആയിലും മുഴുകിയിരിക്കേണ്ടതാണ്. സൂര്യൻ അസ്തമിച്ചു കഴിഞ്ഞാൽ അറഫാ മൈതാനിയെ പിന്നിലാക്കി ഹാജിമാർ "മുസ്ദൽഫാ"യിലേക്ക് നീങ്ങുന്നു. താഴ്വര ഒഴിച്ച് മുസ്ദൽഫായിലെ മുഴുവൻ മൈതാനവും തങ്ങാനുള്ള സ്ഥലമാണ്. ഇവിടെ ഇശായുടെ നേരത്ത് മഗ്രിബും ഇശായും ജംആക്കി നമസ്കരിക്കുന്നു. പിറ്റേന്ന് സുബ്ഹി നമസ്കാരം അതിരാവിലെ നമസ്കരിക്കുക. അതിനുശേഷം 'മശ്അറുൽഹറാമി'ന്റെ (ഫദ്കുറുല്ലാഹ ഇൻദൽ മശ്അരിൽ ഹറാം) അടുത്തുവച്ച് ദിക്റെ ഇലാഹി ചെയ്യുക. തക്ബീറും തൽബിയയും ചൊല്ലുന്നതിൽ ആക്കം കൂട്ടുക. അല്പം വെളിച്ചം ഉണ്ടായിക്കഴിഞ്ഞാൽ മുസ്ദൽഫായിൽനിന്ന് തിരിച്ചു മിനായിൽ വരിക. വഴിയിൽനിന്ന് 70 ചെറിയ കല്ലുകൾ പെറുക്കിയെടുക്കുക. മിനായിലെത്തുമ്പോൾ ആദ്യം **"ജംറത്തുൽഅഖ്ബഃ"** യിൽ കല്ലെറിയുക. അതായത് അഖ്ബഃ എന്നു പേരുള്ള സ്തംഭത്തിൽ അല്ലാഹു അക്ബർ എന്നു പറഞ്ഞുകൊണ്ട് 7 കല്ലെറിയുക. ആദ്യത്തെ കല്ലെറിയലോടെ ആവർത്തിച്ചാവർത്തിച്ച് തൽബിയ ചൊല്ലുക എന്ന നിർബന്ധം അവസാനിക്കുന്നതാണ്. അതിനുശേഷം ബലികർമം നടത്താൻ ഉദ്ദേശ്യമുണ്ടെങ്കിൽ ബലിസ്ഥലത്ത് ചെന്ന് മൃഗത്തെ അറുക്കുക(സൂറ ബഖറ 197). അല്ലെങ്കിൽ മുടി മുറിക്കുകയോ വടിക്കുകയോ ചെയ്ത് ഇഹ്റാം അഴിക്കുക. മുടിമുറിക്കുക അല്ലെങ്കിൽ മുടിവടിക്കുന്നതിനാണ് ഇഹ്റാം അഴിക്കുക അല്ലെങ്കിൽ ഹലാലാകുക എന്ന് പറയുന്നത്. സ്ത്രീകൾ ഇഹ്റാം അഴിക്കുന്നതിനുവേണ്ടി തങ്ങളുടെ തലയിലെ ഒന്നോ രണ്ടോ മുടി കത്രികകൊണ്ട് മുറിക്കുക. അവർക്ക് മുഴുവൻമുടി മുറിക്കാനും വടിക്കാനും അനുവാദമില്ല. ഇത് ദുൽഹജ്ജ് പത്തിനാണ്. ഹാജിമാർക്ക് ആ ദിവസം പെരുന്നാൾ നമസ്കാരമില്ല. എന്തായാലും ഇഹ്റാം അഴിച്ചതിനുശേഷം ദുൽഹജ്ജ് 10ന് ഹജ്ജു ചെയ്യുന്നയാൾ മിനായിൽനിന്ന് മക്കയിൽ വന്ന് ബയ്തുല്ലായ്ക്ക് ത്വവാഫ് ചെയ്യേണ്ടതാണ്. ഈ ത്വവാഫും ഹജ്ജിന്റെ അടിസ്ഥാനപരമായ കാര്യമാണ്. ഇതിനെ ത്വവാഫെ സിയാറത് എന്നും ത്വവാഫെ ഇഫാളഃ എന്നും പറയുന്നു. ത്വവാഫെ സിയാറത്തിനുശേഷം ഹജ്ജ് ചെയ്യുന്നവർക്ക് ഇഹ്റാം കാരണത്താൽ വിരോധിക്കപ്പെട്ടിരുന്ന കാര്യങ്ങളെല്ലാം അനുവദനീയമായിത്തീരുന്നു.

ത്വവാഫെ സിയാറത്ത് ചെയ്തതിനുശേഷം വീണ്ടും മിനായിലേക്ക് പോകുക. മൂന്നു ദിവസം ഇവിടെ താമസിക്കുക. മിനായിൽ 3 ജംറകളുണ്ട് (ഹജ്ജ് കർമത്തിൽ കല്ലെറിയുന്ന 3 സ്ഥലങ്ങൾ). ജംറത്തുൽ ഊലാ, ജംറത്തുൽ വുസ്ത്വ, ജംറത്തുൽ അഖ്ബഃ. ഈ സ്ഥലങ്ങൾ ആദ്യമാദ്യം ചെറിയ ചെറിയ പാറകളായിരുന്നു. ഇപ്പോൾ ചെറിയ ഗോപുരത്തിന്റെ ആകൃതിയിലാണുള്ളത്. ദുൽഹജ്ജ് 11ന് അസ്തമയ ശേഷം ഹജ്ജ് ചെയ്യുന്നയാൾ 3 ജംറകൾക്കും കല്ലെറിയേണ്ടതാണ്. ഏറ്റവുമാദ്യം ഖയ്ഫ് മസ്ജിദിന്റെ അടുത്തുള്ള ജംറയ്ക്കാണ് –ഇതിന് **ജംറത്തുൽ ഊലാ** എന്നു പറയുന്നു– 7 കല്ലുകളെറിയേണ്ടത്. അതിനുശേഷം അതിനടുത്തുള്ള ജംറയ്ക്ക് –അതിന് **ജംറത്തുൽ വുസ്ത്വ** എന്നു പറയുന്നു– 7 കല്ലെറിയണം. അവസാനം മൂന്നാമത്തെ ജംറയ്ക്ക്–അതിന്റെ പേര് **ജംറത്തുൽ അഖ്ബഃ** എന്നാണ്– 7 കല്ലെറിയേണ്ടതാണ്.

ദുൽഹജ്ജ് 10ന് മുസ്ദൽഫയിൽനിന്ന് മടങ്ങിവരുമ്പോൾ ആ ജംറയ്ക്ക് 7 കല്ലെറിഞ്ഞത് നിങ്ങൾക്കു ഓർമയുണ്ടായിരിക്കുമല്ലോ? ദുൽഹജ്ജ് 12നും, 11ന് ചെയ്തത്പോലെ 3 ജംറകൾക്കും കല്ലെറിയുക. ഇതിനു ശേഷം 13നും കല്ലെറിയാൻ മിനായിൽ നില്ക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അയാൾക്ക് നില്ക്കാവുന്നതാണ്. ഇല്ലെങ്കിൽ ഫമൻതഅജ്ജല ഫീ യൗമയ്നി ഫലാ ഇഥ്മ അലയ്ഹി എന്നാൽ, ആരെങ്കിലും രണ്ടു ദിവസങ്ങളിലായി ധിറുതിപ്പെട്ട് മടങ്ങുന്നുവെങ്കിൽ അയാൾക്കു കുറ്റമൊന്നുമില്ല– എന്ന വചനമനുസരിച്ച് ദുൽഹജ്ജ് 12 ന്റെ കല്ലേറിനുശേഷം മക്കയിൽ തിരിച്ചു വരാം. 12ന് കല്ലെറിയൽ കർമം നിർവഹിച്ച് മടങ്ങുന്ന ഹാജിമാർ സൂര്യാസ്തമയത്തിനുമുമ്പേ മിനായുടെ ഭൂമിശാസ്ത്ര അതിരുകൾ പിന്നിടണം. 12നോ 13നോ മക്കയിൽ വന്ന് മടങ്ങിവരാനുള്ള ത്വവാഫ് ചെയ്യുക. ഇതു മക്കക്കാരല്ലാത്തവരും വീട്ടിൽ മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നവരുമായിട്ടുളളവർ ചെയ്യാനുള്ള ത്വവാഫാണ്. ഈ ത്വവാഫിന് **"ത്വവാഫുസ്സദ്ർ"** അല്ലെങ്കിൽ "ത്വവാഫുൽവിദാഅ്" എന്നു പറയുന്നു. വിടപറയൽ ത്വവാഫ് കഴിഞ്ഞ് ഹജ്ജു ചെയ്യുന്നവർ സംസം വെള്ളം കുടിക്കുക. കഅ്ബയുടെ ഉമ്മറപ്പടിയെ മുത്തുക. "മുൽത്തസ"മിൽ(ഹജ്റെ അസ്വദിനും ബാബ് കഅ്ബയ്ക്കും ഇടയിലുള്ള വടക്കേ ഭിത്തിയുടെ ഭാഗമാണ് മുൽത്തസം എന്നു പറയപ്പെടുന്നത്. ഹജ്ജ് ചെയ്യുന്നവർ തിരിച്ചു പോരുമ്പോൾ കഅ്ബയുടെ ഈ ഭാഗത്ത് തങ്ങളുടെ നെഞ്ചു മുട്ടിക്കുന്നു; കെട്ടിപിടിക്കുന്നതുപോലെ. ദൈവഭവനത്തോടുള്ള വിട പറച്ചിലും അവസാന സന്ദർശനവുമായ ഈ സന്ദർഭം ആസക്തപരമായ നിമിഷമാണ്.) തങ്ങളുടെ നെഞ്ചു വെച്ച് കരഞ്ഞു കരഞ്ഞു ദുആ ചെയ്യുക. കഅ്ബയുടെ കില്ല പിടിച്ചുകൊണ്ട്, ചെയ്ത പാപങ്ങൾ പൊറുത്തുകിട്ടാൻ തങ്ങളുടെ യജമാനന്റെ തിരുസന്നിധിയിൽ മാപ്പിരക്കുക. പിറകിലെ കാല് നീക്കിക്കൊണ്ട് അവസാനമായി കഅ്ബയെ ഒരുനോക്ക് നോക്കി തിരിച്ചുവരിക.

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമ

**കോഴിക്കോട് :** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമ ജൂലൈ 7 ഞായറാഴ്ച ബൈത്തുൽ ഖുദ്ദൂസിൽ വച്ച് നടന്നു. ജില്ലാ ഖാഇദ് ഏ.ടി.നസറുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ജില്ലാ അമീർ കെ.എം.അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്തു. ഹാഫിസ് അബുൽ വഫാ സാഹിബ് തിലാവത്തുൽ ഖുർആനും അഖിൽ അഹ്സാൻ സാഹിബ് പദ്യപാരായണവും നിർവഹിച്ചു. സദർ ഖുദ്ദമുൽ അഹ്മദിയ്യ ഭാരത് കെ. താരിഖ് അഹ്മദ് സാഹിബിന്റെ സന്ദേശം കോഴിക്കോട് ഖാഇദ് കെ.പി.മുഹമ്മദ് അഷ്റഫ് സാഹിബ് തന്റെ സ്വാഗതപ്രസംഗത്തോടൊപ്പം അംഗങ്ങളെ കേൾപ്പിച്ചു. അത്ഫാൽ അംഗങ്ങളുടെ സംഘഗാനവും ഉണ്ടായിരുന്നു.

മൗലവി മുഹമ്മദ് ഹനീഫ് സാഹി ബ്. സഈം അഅ്‌ലാ ഏ.എം.മുഹമ്മദ് സലീം സാഹിബ്, മൗലവി ഉസ്മാൻ സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു.

ഖാദിംകൾക്കായി തിലാവത്തുൽ ഖുർആൻ, ഉറുദു മലയാള പദ്യമത്സരങ്ങൾ, വൺ മിനിറ്റ് സ്പീച്ച് എന്നിവക്ക് പുറമേ അത്ഫാലുകൾക്കായി ഹിഫ്സ് ഖുർആൻ, ഹിഫ്സ് ഖസീദ, ഖിലാഫത്ത് പ്രതിജ്ഞ, അത്ഫാൽ പ്രതിജ്ഞ എന്നിവയും മത്സരങ്ങളായി ഉണ്ടായിരുന്നു.

ഇജ്തിമ സമാപനവേളയിൽ കോഴിക്കോട് ഖാഇദ് കെ.പി.മുഹമ്മദ് അഷ്റഫ് സാഹിബിന്റെ അധ്യക്ഷതയിൽ കോഴിക്കോട് അമീർ ഡോ.സലാഹുദ്ദീൻ സാഹിബ് ഖാദിംകളെ അഭിസബോധന ചെയ്തു. അമീർ സാഹിബ് സമ്മാനവിതരണം നടത്തി. അത്ഫാലുകൾക്ക് എല്ലാവർക്കും പ്രത്യേകസമ്മാനം നൽകുകയുണ്ടായി. ദുആയോടെ ഇജ്തിമാ സമാപിച്ചു.

(പേജ് 1ൽനിന്ന്)

കഴിയുന്നതാണ്. പക്ഷേ, രണ്ടാമത്തെ ഭാഗം സഹവാസത്തിന്റെ സ്വാധീനമെന്നത് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള കാര്യമാണ്. അതിൽ കൂടുതൽ ചർച്ച ചെയ്യേണ്ട ആവശ്യം നമുക്കില്ല. എല്ലാ ഓരോ മാന്യരായ ജനതയുടേയും മക്കൾ ക്രിസ്ത്യാനികളുടെ വലയിൽ കുടുങ്ങുന്നതും മുസ്ലിമീങ്ങൾ എത്രത്തോളമെന്നാൽ ഗൗഥ് എന്നും ഖുതുബ് എന്നും പറയുന്നവരുടെ മക്കളും സാദാത്തുക്കളുടെ മക്കളും നബി(സ)തിരുമേനിയെ കുറിച്ച് വേണ്ടാത്തത് പറയുന്നതും കണ്ടു കഴിഞ്ഞതാണ്. ഈ ശരിയായ പരമ്പരയിലുള്ള സയ്യിദുമാരുടെ മക്കൾ– അവർ തങ്ങളുടെ വംശപരമ്പര ഇമാം ഹുസയ്ൻ(റ)നിൽവരെ കൊണ്ടെത്തിക്കുന്നുണ്ട്– ക്രിസ്ത്യാനികളായിരിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. ഇസ്ലാമിന്റെ സ്ഥാപകരുടെമേൽ പല തരത്തിലുള്ള ആക്ഷേപങ്ങൾ (നഊദുബുല്ലാഹ്)ഉന്നയിക്കുന്നു. അത്തരം പരിതഃസ്ഥിതിയിലും ഏതെങ്കിലും മുസ്ലിം തന്റെ ദീനിനും തന്റെ നബി(സ)തിരുമേനിയുടെ ആദരവിനും ആത്മീയരോഷം കാണിക്കുന്നില്ലെങ്കിൽ അതിനെക്കാൾ വലിയ അക്രമി മറ്റാരാകാനാണ്?

നിങ്ങൾ നിങ്ങളുടെ മക്കളെ ക്രിസ്ത്യാനികളിൽനിന്നും ആര്യസമാജക്കാരിൽനിന്നും മറ്റുള്ളവരുടെ സഹവാസത്തിൽനിന്നും രക്ഷിക്കുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം രക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നില്ലെങ്കിൽ ഓർക്കുക! നിങ്ങളുടെ മേൽ മാത്രമല്ല ജനതയുടെമേലും ഇസ്ലാമിനുമേലും അക്രമം ചെയ്യുകയാണ്. വലിയ ഭാരിച്ച അക്രമമാണ് ചെയ്യുന്നത്. ഇതിന്റെ അർഥം ഇസ്ലാമിനെ കുറിച്ച് നിങ്ങൾക്കൊരു ആത്മീയരോഷവുമില്ലെന്നാണ്. നബി(സ)തിരുമേനിയോടുള്ള ആദരവ് നിങ്ങളുടെ മനസ്സിൽ ഇല്ലെന്നാണ്. (മൽഫൂദാത്ത് വാള്യം 1 പേജ് 58–61, 2018 ഖാദിയാൻ)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 1 August 2019 Issue-31

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ഖുർആൻ വാരം

**കോഴിക്കോട് :** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ 14.07.2019 മുതൽ 22.07.2019 വരെ ഖുർആൻ വാരം കൊണ്ടാടി

ആദ്യദിനമായ 14/07/2019 ഞായറാഴ്ച അസ്ർ നമസ്കാരത്തിനു ശേഷം കോഴിക്കോട് അമീർ ഡോ.സലാഹുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ നാഇബ് ജില്ലാ അമീർ ജനാബ് അബ്ദുസ്സമദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ഹാഫിള് അബുൽ വഫാ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികൾ ആരംഭിച്ചു. ഖലീഖ് അഹ്മദ് സാഹിബ് പദ്യം ആലപിച്ചു. 'തഫ്സീറുൽ ഖുർആൻ' എന്ന വിഷയം മൗലവി ഹനീഫ് സാഹിബ് അവതരിപ്പിച്ചു. സഭാവാസികളുടെ അവസരത്തിൽ ഏ.എം.മുഹമ്മദ് സലീം സാഹിബ്, ജമാലുദ്ദീൻ സാഹിബ്, പയ്യാനക്കൽ സലീം സാഹിബ് എന്നിവർ സംസാരിച്ചു. ദുആയോടെ പരിപാടി അവസാനിച്ചു.

15.07.2019 രണ്ടാം ദിവസം തിങ്കളാഴ്ച മഗരിബ്-ഇശാ നമസ്കാരത്തിനു ശേഷം സി.വി. മുഹമ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ അഖിൽ അഹ്സാൻ സാഹിബ് പദ്യം ചൊല്ലി. ദാറുസ്സലാം ഹൽഖ സ്വദ്ർ മൊയ്തീൻ കോയ സാഹിബി ന്റെ അധ്യക്ഷതയിൽ 'ഖുർആനിക അ ധ്യാപനങ്ങളും നമ്മുടെ കടമകളും' എന്ന വിഷയത്തെ അധികരിച്ച് മൗലവി ജംശാദ് സാഹിബ് പ്രഭാഷണം നടത്തി.

മൂന്നാം ദിവസം 'സത്യവിശ്വാസികൾക്കുണ്ടാകേണ്ട സവിശേഷഗുണങ്ങൾ' എന്ന വിഷയത്തിൽ മൗലവി ഉഥ്മാൻ സാഹിബ് പ്രസംഗിച്ചു. ജില്ലാ അമീർ കെ.എം.അഹ്മദ് കോയ സാഹിബ് അധ്യക്ഷനായി. പി.ടി. അബ്ദുറഹിമാൻ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പരിപാടിയിൽ മൗലവി സയ്യിദ് അഹ്മദ് സാഹിബ് പദ്യാലാപനം നടത്തി.

നാലാം ദിവസം മുഖ്യപ്രഭാഷകൻ മൗലവി ഹിദായത്തുള്ള സഖാഫി സാഹിബ് 'ഖുർആനികാധ്യാപനങ്ങളുടെ അവഗണനയും തിക്തഫലങ്ങളും' എന്ന വിഷയം അവതരിപ്പിച്ചു. പുത്തൂർമഠം ഹൽഖ സ്വദ്ർ അബൂബക്കർ സാഹിബ് അധ്യക്ഷനായി. ഹാറൂൺ സാഹിബ് ഖുർആൻ പാരായണം ചെയ്തു. എസ്. താഹിർ സാഹിബ് പദ്യം ആലപിച്ചു.

18.07.2019 വ്യാഴാഴ്ച അഞ്ചാംദിനത്തിൽ അബൂബക്കർ സാഹിബിന്റെ തിലാവത്തോടെയാണ് കാര്യപരിപാടികൾക്ക് തുടക്കം കുറിച്ചത്. കോവൂർ ഹൽഖ സ്വദ്ർ അഹ്മദ് കബീർ സാഹിബ് അധ്യക്ഷനായി. മൗലവി ഹുസാം അഹ്മദ് സാഹിബ് 'അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം' എന്ന വിഷയം അവതരിപ്പിച്ചു. നസീർ ഹുസൈൻ സാഹിബ് പദ്യം ആലപിച്ചു.

ആറാം ദിവസമായ ശനിയാഴ്ച ജില്ലാ നാഇബ് അമീർ ജനാബ് അബ്ദുസ്സമദ് സാഹിബിന്റെ അധ്യക്ഷതയിലായിരുന്നു യോഗം നടന്നത്. മൗലവി നിസാർ അഹ്മദ് സാഹിബ് 'അനുസരണം' എന്ന വിഷയത്തെ അധികരിച്ചു സംസാരിച്ചു. നസീർ ഹുസൈൻ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ മൗലവി സയ്യിദ് അഹ്മദ് സാഹിബ് പദ്യം ആലപിച്ചു.

ഖുർആൻ വാരത്തിന്റെ സമാപനദിവസമായ 22.07.2019 തിങ്കളാഴ്ച 'ഖുർആനും ഭ്രൂണശാസ്ത്രവും' എന്ന വിഷയം ഏ.എം.മുഹമ്മദ് സലീം സാഹിബ് അവതരിപ്പിച്ചു. കോഴിക്കോട് ജില്ലാ അമീർ കെ.എം.അഹ്മദ് കോയ സാഹിബ് അധ്യക്ഷനായി. ഹാഫിള് അബുൽ വഫാ സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. പദ്യാലാപനം നിർവഹിച്ചത് ഖലീഖ് അഹ്മദ് സാഹിബായിരുന്നു. സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ കെ.എൻ.മുഹമ്മദ് അഷ്റഫ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. ജില്ലാ അമീർ സാഹിബിന്റെ ദുആയോടെ ഖുർആൻ വാരം സമാപിച്ചു. എല്ലാ ദിവസവും ധാരാളം പുരുഷന്മാരും യുവാക്കളും സ്ത്രീകളും കുട്ടികളും തങ്ങളുടെ സാന്നിധ്യംകൊണ്ട് ഖുർആൻ വാരം ധന്യമാക്കിത്തീർത്തു.(സെ.ഇശാഅത്ത് കോഴിക്കോട്)

# സാംബിയ(Zambia)ജൽസസാലാന

**പാതോക്:** സാംബിയ(Zambia)അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എട്ടാമത് ജൽസസാലാന 2019 ജൂൺ 21, 22,23 തിയതികളിൽ സാംബിയായുടെ കിഴക്കൻ സംസ്ഥാനമായ Pa-taukeൽ സംഘടിപ്പിച്ചു. ജൽസാഗാഹിന്റെ ഒരുക്കത്തിന് ലജ്‌ന, ഖുദ്ദാം, അത്ഫാൽ, നാസിറാത്ത് അംഗങ്ങൾ കഠിനാധ്വാനം ചെയ്യുകയുണ്ടായി. പീട്ടോ നഗരത്തിലെ 'മസ്ജിദ് ബയ്ത്തുന്നൂറി'ന്റെ അങ്കണത്തിലായിരുന്നു ജൽസാഗാഹ് തയ്യാറാക്കിയിരുന്നത്. ആദ്യദിവസമായ ജൂൺ 21 വെള്ളിയാഴ്ച ജമാഅത്തിന്റെ പാരമ്പര്യമനുസരിച്ച് തഹജ്ജുദ് നമസ്കാരം സംഘടിപ്പിച്ചിരുന്നു. സുബ്ഹി നമസ്കാരത്തിനു ശേഷം ദർസും നടന്നു.

സാംബിയ അമീറും മിഷണറി ഇൻചാർജുമായ മുഹമ്മദ് ജാവേദ് സാഹിബ് ജമാഅത്തിന്റെ പതാകയും അഫ്സർ ജൽസസാലാന സലീം നീവിയോ സാഹിബ് സാംബിയ ദേശീയ പതാകയും ഉയർത്തി. സാംബിയ അമീറും മിഷണറി ഇൻചാർജുമായ മുഹമ്മദ് ജാവേദ് സാഹിബിന്റെ അധ്യക്ഷതയിൽ ഉൽഘാടനപരിപാടി ആംഭിച്ചു. വിശുദ്ധ ഖുർആൻ പാരായണത്തിനും പദ്യാലാപനത്തിനും ശേഷം നാഇബ് സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഹാറൂൺ ബാണ്ട സാഹിബ് 'നബി(സ) തിരുമേനി ബൈബിളിൽ' എന്ന ശീർഷകത്തിൽ പ്രസംഗിച്ചു.

രാവിലെ 8.30 ന് ചേർന്ന രണ്ടാമത്തെ സെഷനിൽ സെക്രട്ടറി ഉമൂറെ ആമ അബ്ദുൽ അസീസ് സാഹിബ് അധ്യക്ഷനായി. വിശുദ്ധ ഖുർആൻ പാരായണത്തിനും പദ്യാലാപനത്തിനും ശേഷം 'ധനത്യാഗത്തിന്റെ അനുഗ്രഹങ്ങൾ' എന്ന വിഷയത്തിൽ നസീം അഹ്മദ് സാഹിബും 'ധനത്യാഗത്തിന്റെ പ്രാധാന്യം' എന്ന ശീർഷകത്തിൽ ലോക്കൽ മുഅല്ലിം ഹസൻ പീരീ സാഹിബും 'ജൽസസാലാനയുടെ ചരിത്രപശ്ചാത്തലവും ഉദ്ദേശ്യങ്ങളും' എന്ന തലക്കെട്ടിൽ സാംബിയ നാഇബ് സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് മുഹമ്മദ് ഹംനീനെ സാഹിബും അവസാനമായി 'മസീഹിന്റെ പുനരാഗമനം' എന്ന വിഷയത്തിൽ ലോസാക്ക ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ യഹ്‌യാ സോലോ സാഹിബും പ്രസംഗിച്ചു.

സമാപന യോഗത്തിൽ ജില്ല കമ്മീഷണർ സാഹിബ മുഖ്യാതിഥിയായിരുന്നു. കൂടാതെ ജില്ല വിദ്യാഭ്യാസ സെക്രട്ടറിയ്ക്കും ഏരിയാ കൗൺസിലർക്കു പുറമെ വിവിധ തുറകളുമായി ബന്ധം വെക്കുന്ന ഉന്നതവ്യക്തികളും പങ്കെടുത്തിരുന്നു.

പങ്കെടുത്ത എല്ലാവർക്കും അമീർസാഹിബ് നന്ദി പറഞ്ഞു. പ്രാർഥനയോടെ ജൽസ സമാപിച്ചു. അൽഹംദുലില്ലാഹ്.

ജൽസാ സാലാനയിൽ നടന്ന പ്രസംഗങ്ങളുടെ മുഖ്യാധാരാ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് രണ്ടുമണിക്കൂർ ദൈർഘ്യമുള്ള ഒരു കാസറ്റ് തയ്യാറാക്കുകയും അത് ഒരാഴ്ച തുടർച്ചയായി റേഡിയോയിൽ പ്രക്ഷേപണം ചെയ്യാനുള്ള ഏർപാടാക്കുകയും ചെയ്തിരുന്നു അതുമുഖേന ഒരു ലക്ഷത്തിലേറെ ആളുകൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു. ജൽസയിൽ 350 പ്രതിനിധികൾ പങ്കെടുത്തു. (റിപ്പോർട്ട്:ത്വാഹിർ അഹ്മദ് സയ്ഫി, മുബ്ലിഗ് പാതോക്) (അൽഫള്ൽ ഇന്റർ നാഷണൽ 2019 ജൂലായ് 19)

## വാർഷിക ഇജ്തിമ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്‌ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

**പത്തപ്പിരിയം:** മലപ്പുറം ജില്ലയിലെ പത്തപ്പിരിയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേന്ദ്ര നിർദേശ പ്രകാരം 2019 ജൂലായ് 14 മുതൽ ഖുർആൻവാരം നടത്തി. മൗലവി ഹാരിഥ് സാഹിബ്, മൗലവി ശംസുദ്ദീൻ സാഹിബ്, മൗലവി ഹസീബ് സാഹിബ്, ശഹ്സാദ് അഹ്മദ് സാഹിബ്, സൽമാൻ സാഹിബ്, ഇഅ്ജാസ് അഹ്മദ് സാഹിബ്, മൗലവി സിദ്ദീഖ് സാഹിബ് തുടങ്ങിയവർ യഥാക്രമം വിശുദ്ധ ഖുർആനിന്റെ മാഹാത്മ്യം, വിശുദ്ധ ഖുർആനും സമകാലിക ലോകവും, വിശുദ്ധ ഖുർആനും ഇബാദത്തും, വഖ്ഫിന്റെ പ്രാധാന്യം ഖുർആനിൽ, വിശുദ്ധ ഖുർആനിന്റെ അമാനുഷികത, വിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ, മുഅ്മിനിന്റെ ഗുണഗണങ്ങൾ എന്നീ വിഷയങ്ങൾ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി. കെ.പി. മസ്റൂർ സാഹിബ്, കെ.പി.റൈസാൻ അലി സാഹിബ്, സി.എച്ച്.വാരിസ് സാഹിബ്, ഒ.കെ മസ്റൂർ സാഹിബ്, സി സൈറസ് സാഹിബ്, മുല്ലക്കോയ തങ്ങൾ സാഹിബ്, സി.കെ മസ്ഹൂദ് സാഹിബ് എന്നിവർ ഖുർആൻ പാരായണം ചെയ്തു. എൻ.മസ്റൂർ സാഹിബ്, എൻ.ആമിർ സാഹിബ്, സി.കെ.രാഹുൽ സാഹിബ്, ഒ.കെ.ശംസുദ്ദീൻ സാഹിബ്, എൻ.സഫ്ർ സാഹിബ്, ശേയ്ഖ് മുഹ്‌യുദ്ദീൻ സാഹിബ്, സി.കെ.സഫ്റുല്ലാഹ് സാഹിബ് എന്നിവർ പദ്യം ആലപിച്ചു. സി.എച്.മുഹമ്മദ് സ്വാലിഹ് സാഹിബ്, സി.കെ അൻവർ സാദത്ത് സാഹിബ്, പി.പി.മുസദ്ദിഖ് സാഹിബ്, പി.മുഹമ്മദലി മാസ്റ്റർ സാഹിബ്, പി.അബ്ദുൽ അമീർ സാഹിബ്, പി.അബ്ദുസ്സമദ് സാഹിബ് എന്നിവർ അധ്യക്ഷരായി. ജമാഅത്തംഗങ്ങൾ എല്ലാ ദിവസവും ധാരാളമായി പങ്കെടുത്തു. (സെ.ഇശാഅത്ത് പത്തപ്പിരിയം)

**മാത്തോട്ടം :** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്തോട്ടം ഈ വർഷത്തെ ഖുർആൻവാരം 17.07.2019 ബുധനാഴ്ച്ചമുതൽ 23.07.19 ചൊവ്വാഴ്ച്ചവരെ നടത്തുകയുണ്ടായി. എല്ലാ ദിവസവും തിലാവത്തിനു ശേഷം പദ്യാലാപനം നടന്നു. അധ്യക്ഷന്മാരുടെ ഭാഷണങ്ങൾക്കുശേഷം മുഖ്യപ്രഭാഷകന്മാരായ എം.റഫീഖ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഹനീഫ് സാഹിബ്, ടി. അഹ്മദ് സഊദ് സാഹിബ്, മൗലവി കെ.എം ഉഥ്മാൻ സാഹിബ്, മൗലവി ടി. ജംശാദ് സാഹിബ്, മൗലവി നിസാർ അഹ്മദ് സാഹിബ്, മൗലവി ഹുസാം അഹ്മദ് സാഹിബ് എന്നിവർ യഥാക്രമം ഖുർആനിക വചനങ്ങൾ ആദ്യം കേട്ടവരിൽ ഉണ്ടായ പ്രതികരണങ്ങൾ, സൂറത്തുൽ ഫീൽ തഫ്സീർ, ഖുർആനോടുള്ള മര്യാദകൾ, സത്യവിശ്വാസികളുടെ അടയാളങ്ങൾ, ഖുർആനിക അധ്യാപനങ്ങളും നമ്മുടെ ഉത്തരവാദിത്വങ്ങളും, അനുസരണം, ഖുർആനും ഭ്രൂണശാസ്ത്രവും എന്നീ വിഷയങ്ങളെ അധികരിച്ച് പ്രസംഗിച്ചു.(ജംഷാദ് മാത്തോട്ടം)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin